POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാല്യം
2

വാർഷിക
വരിസംഖ്യ
300 രൂപ

ലക്കം
22

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2017 ജൂൺ 1/ഹി:ശം:1396 ഇഹ്സാൻ 1/ഹി:ഖ: 1438 റമളാൻ 05

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 28-04-2017 മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ(ലണ്ടൻ)നിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹുഎപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**എന്നിൽ വെളിപാടിറക്കിയവനാണ് സർവ്വലോകത്തിന്റേയും ദൈവം. അവനാണ് എനിക്കുവേണ്ടി ശക്തിമത്തായ അടയാളം കാണിച്ചിട്ടുള്ളത്. അവൻ എന്നെ ഇക്കാലത്ത് വാഗ്ദത്ത മസീഹായി അയച്ചു. അല്ലാഹു ഏറ്റവും പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാൽവയ്പിലും അവൻ നിങ്ങളുടെ സഹായകനാകുന്നു. അവനെകൂടാതെ നിങ്ങളൊന്നുമല്ല. നിങ്ങളുടെ ഉപകരണങ്ങളും ഉപായങ്ങളും ഒരു വസ്തുവുമല്ല.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

‘എന്നിൽ വെളിപാടിറക്കിയവനാണ് സർവ്വലോകത്തിന്റേയും ദൈവം. അവനാണ് എനിക്കുവേണ്ടി ശക്തിമത്തായ അടയാളം കാണിച്ചിട്ടുള്ളത്. അവൻ എന്നെ ഇക്കാലത്ത് വാഗ്ദത്ത മസീഹായി അയച്ചു. അവനല്ലാതെ ഒരു ദൈവവുമില്ല. ആകാശത്തിലുമില്ല. ഭൂമിയിലുമില്ല. അവനിൽ വിശ്വസിക്കാത്തവൻ ഭാഗ്യഹീനനും നിസ്സഹായതയിൽ കുടുങ്ങിയവനുമാണ്. നമ്മുടെ ദൈവത്തിന്റെ സൂര്യപ്രകാശംപോലെ വെളിമയാർന്ന വെളിപാട് നാം പ്രാപിച്ചു. നാം അവനെ കണ്ടു. ലോകത്തിന്റെ ദൈവം അവൻ മാത്രമാണ്. അവനല്ലാതെ മറ്റൊരു ദൈവവുമില്ല. നാം കണ്ട ആ ദൈവം എത്രമാത്രം സർവ്വശക്തനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമാണ്. നാം കണ്ടത് എത്രമാത്രം ശക്തിപ്രഭാവങ്ങളുടെ ഉടമസ്ഥനെയാണ്. സത്യമെന്താണെന്നുവെച്ചാൽ അവന്റെ മുമ്പിൽ അസംഭാവ്യമായിട്ടൊന്നുംതന്നെയില്ല. എന്നിരുന്നാലും അവൻ തന്റെ ഗ്രന്ഥത്തിനോ വാഗ്ദാനത്തിനോ എതിരായി ഒന്നുംതന്നെ ചെയ്യുന്നില്ല.

അതുകൊണ്ട് നിങ്ങൾ പ്രാർഥിക്കുമ്പോൾ അജ്ഞരായ പ്രകൃതിവാദികളെപോലെ ആയിത്തീരരുത്. അവർ അവരുടെ സ്വന്തം ചിന്തയാൽ ഒരു നീതിനിയമം ഉണ്ടാക്കിയിരിക്കുകയാണ്. അതിൽ ദൈവഗ്രന്ഥത്തിന്റെ മുദ്രയില്ല. അവർ ബഹിഷ്കൃതരാണ്. അവരുടെ പ്രാർഥനകൾ ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവർ അന്ധരാണ്. കാഴ്ചയുള്ളവരല്ല. അവർ മരിച്ചവരാണ്. ജീവനുള്ളവരല്ല. അവർ അവരുടെ സ്വയംകൃത നിയമം ദൈവത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നു. അവന്റെ സീമാതീതമായ കഴിവുകൾക്ക് അതിർ വരമ്പിടുന്നു. അവനെ ബലഹീനനായി മനസ്സിലാക്കുന്നു. അവരുടെ അവസ്ഥപോലെ അവൻ അവരോട് പെരുമാറുന്നതായിരിക്കും. എന്നാൽ, നീ പ്രാർഥനയ്ക്കായി എഴുന്നേറ്റു നിൽക്കുമ്പോൾ നിന്റെ ദൈവം എല്ലാ ഓരോ വസ്തുക്കളുടേയുംമേൽ സർവ്വശക്തനാണെന്ന ദൃഢവിശ്വാസം വെച്ചുപുലർത്തേണ്ടത് നിനക്ക് അനുപേക്ഷണീയമാണ്. അപ്പോൾ നിന്റെ പ്രാർഥന സ്വീകരിക്കപ്പെടും. അങ്ങനെ ഞാൻ കണ്ടതുപോലുള്ള ദൈവികശക്തിയുടെ അത്ഭുതപ്രതിഭാസങ്ങൾ നീ കാണുന്നതാണ്. നമ്മുടെ സാക്ഷ്യം ദർശനത്തിലൂടെ ഉള്ളതാണ്. കഥ എന്ന നിലയിലുള്ളതല്ല. ദൈവം എല്ലാ ഓരോ വസ്തുവിന്റേയുംമേൽ സർവ്വശക്തനാണെന്ന് മനസ്സിലാക്കാത്തവന്റെ പ്രാർഥന എങ്ങനെ സ്വീകരിക്കപ്പെടാനാണ്? അവന്റെ നോട്ടത്തിൽ അവനുണ്ടാകുന്ന ബുദ്ധിമുട്ടുകളെല്ലാം പ്രകൃതിനിയമത്തിന് വിരുദ്ധമാണെന്നുവരുമ്പോൾ അവന് പ്രാർഥിക്കാനുള്ള പ്രേരണ ഉണ്ടാകുന്നതെങ്ങനെ?

എന്നാൽ, ഏ, ഭാഗ്യശാലിയായ മനുഷ്യാ! നീ അങ്ങനെ ചെയ്യരുത്. തൂണൊന്നും കൂടാതെ അസംഖ്യം നക്ഷത്രങ്ങളെ തൂക്കിയിട്ടവനാണ് നിന്റെ ദൈവം. അവൻ ഭൂമിയേയും ആകാശത്തേയും ഒന്നുമില്ലാത്ത അവസ്ഥയിൽനിന്ന് സൃഷ്ടിച്ചവനാണ്. നിന്റെ ആവശ്യം പൂർത്തിയാക്കിത്തരാൻ കെല്പില്ലാത്തവനാണവനെന്ന് നീ തെറ്റു ധരിക്കുകയാണോ? നിന്റെ ഈ തെറ്റായ ധാരണ നിന്നെ ഭാഗ്യംകെട്ടവനാക്കിത്തീർക്കും. നമ്മുടെ ദൈവത്തിൽ അസംഖ്യം അത്ഭുതങ്ങളുണ്ട്. സത്യസന്ധതയോടും വിശ്വസ്തതയോടുംകൂടി അവന്റേതായിത്തീർന്നവൻ മാത്രമാണ് അത് കാണുന്നത്. അവന്റെ ശക്തിപ്രഭാവങ്ങളിൽ വിശ്വസിക്കാത്തവരുടേയും അവനോട് സത്യസന്ധതയും വിശ്വസ്തതയും കാണിക്കാത്തവരുടെമേൽ അവൻ അത്ഭുതങ്ങൾ വെളിപ്പെടുത്തുകയില്ല.

സർവ്വശക്തനായൊരു ദൈവമുണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം ഭാഗ്യദോഷിയാണ്. നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവത്തിലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സമ്പത്താണവൻ. ജീവനും സർവ്വസ്വവും നഷ്ടപ്പെട്ടാലേ ലഭ്യമാകൂ എന്നു വന്നാലും വിലകൊടുത്ത് വാങ്ങേണ്ട രത്നമാകുന്നു അവൻ. അല്ലയോ ഹതഭാഗ്യരേ! ഇതാ, ഈ നിർഝരിയിലേക്ക് ഓടിയടുക്കുവിൻ. അത് നിങ്ങളെ സംതൃപ്തിയുള്ളതാക്കിത്തീർക്കും. നിങ്ങളെ രക്ഷിക്കുന്ന ജീവിതസ്രോതസ്സാണത്. ഞാൻ എന്ത് ചെയ്യുവാനാണ്? ഈ സന്തോഷവാർത്ത ഹൃദയങ്ങളിൽ കുടിയിരുത്താൻ ഞാൻ എന്താണ് ചെയ്യേണ്ടത്? ഇതാ! നിങ്ങളുടെ ദൈവമെന്ന് ഏത് ചെണ്ട കൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്. ലോകർ കേൾക്കുമാറാകാൻ. ലോകരുടെ കാത് തുറപ്പിക്കുവാൻ ഏത് ഔഷധം കൊണ്ടാണ് ഞാൻ ചികിത്സിക്കേണ്ടത്?

നിങ്ങൾ ദൈവത്തിന്റേതായി തീരുമെങ്കിൽ ദൈവം നിങ്ങളുടേതായിത്തീരുന്നതാണ്. നിങ്ങൾ ഉറങ്ങുമ്പോൾ അവൻ നിങ്ങൾക്കുവേണ്ടി ഉണർന്നിരിക്കുമെന്ന് തീർച്ചയായും മനസ്സിലാക്കുക. നിങ്ങൾ ശത്രുവിനെ കുറിച്ച അശ്രദ്ധരായിരിക്കുമ്പോൾ അവൻ ശത്രുവിനെ നോക്കിപ്പാർക്കും. നിങ്ങളുടെ ശത്രുവിന്റെ ആസൂത്രണങ്ങളെ അവൻ തകർത്തുകൊള്ളും. നിങ്ങളുടെ ദൈവത്തിൽ എന്തെല്ലാം അത്ഭുതങ്ങളാണ് ഉള്ളതെന്ന് നിങ്ങൾ അറിയുന്നില്ല. അറിഞ്ഞിരുന്നുവെങ്കിൽ ഈ ദുൻയാവിനെ ചൊല്ലി ദുഃഖിച്ചുകൊണ്ടിരിക്കുന്ന ദിനങ്ങൾ നിങ്ങൾക്കുണ്ടാവില്ല. തന്റെ പക്കൽ ഒരു വൻനിധിയുണ്ടായിരിക്കെ ചില്ലിക്കാശ് നഷ്ടപ്പെട്ടതിനെ ചൊല്ലി ആരെങ്കിലും കരയുകയും അലമുറകൂട്ടുകയും നശിക്കാനൊരുങ്ങുകയും ചെയ്യുമോ? നിങ്ങൾക്ക് ഈ നിധിയെക്കുറിച്ച് അറിയാമെങ്കിൽ, നിങ്ങളുടെ ഓരോ ആവശ്യത്തിന്റേയും അവസരത്തിൽ സഹായത്തിനായി ദൈവം ഉണ്ടെന്നറിഞ്ഞെങ്കിൽ, നിങ്ങൾ ദുൻയാവിനുവേണ്ടി അവനെ മറക്കുന്നതെങ്ങനെ? അല്ലാഹു ഏറ്റവും പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാൽവയ്പിലും അവൻ നിങ്ങളുടെ സഹായകനാകുന്നു. അവനെകൂടാതെ നിങ്ങളൊന്നുമല്ല. നിങ്ങളുടെ ഉപകരണങ്ങളും ഉപായങ്ങളും ഒരു വസ്തുവുമല്ല. നിങ്ങൾ അന്യസമുദായങ്ങളെ അനുകരിക്കരുത്. അവർ പരിപൂർണമായും ഭൗതികവഴികളാൽ വീഴപ്പെട്ടവരാകുന്നു. പാമ്പ് മണ്ണ് തിന്നുന്നതുപോലെ അവർ നിസ്സാരമായ ഭൗതികവഴിയിലെ മണ്ണ് തിന്നിരിക്കുകയാണ്. കഴുകനും പട്ടിയും ശവം തിന്നുന്നതുപോലെ അവർ ശവത്തിനുമേൽ കടിച്ചുപിടിച്ചിരിക്കുകയാണ്. അവർ ദൈവത്തിൽ നിന്ന് വളരെ അകന്നുപോയിരിക്കുന്നു. ആൾദൈവങ്ങളെ ആരാധിക്കുകയും പന്നിമാംസം തിന്നുകയും മദ്യം വെള്ളംപോലെ കുടിക്കുകയും ചെയ്യുന്നു. അതിരുകടന്ന ഭൗതികവഴികളിൽ വീണതുകൊണ്ടും ദൈവത്തിൽനിന്ന് ശക്തി തേടാത്തതുകൊണ്ടും അവർ മരിച്ചിരിക്കുകയാണ്. കൂട്ടിൽനിന്ന് പ്രാവ് പറന്നുപോകുന്നതുപോലെ അവരിൽനിന്ന് ദൈവികമായ ആത്മാവ് പുറത്തുപോയിരിക്കുന്നു. അവരുടെ ഉള്ളിൽ ഭൗതികതയുടെ കുഷ്ഠരോഗമാണുള്ളത്. അത് അവരുടെ ആന്തരികാവയവങ്ങളെല്ലാം മുറിച്ചുകളഞ്ഞിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ആ രോഗത്തെ ഭയപ്പെടുക. ഞാൻ നിങ്ങളെ മധ്യമനിലയുടെ പരിധിവരെ ഭൗതികമാർഗങ്ങൾ അവലംബിക്കുന്നതിനെ വിലക്കുന്നില്ല. നിങ്ങൾ ഇതരസമുദായങ്ങളെപോലെ വെറും ഭൗതികമായ മാർഗങ്ങളുടെ അടിമകളാകുന്നതിനേയും ഭൗതികവഴികൾ നിങ്ങൾക്കൊരുക്കിത്തന്ന ദൈവത്തെ വിസ്മരിക്കുന്നതിനെയുമാണ് ഞാൻ വിലക്കുന്നത്. ദൈവം മാത്രമേ ദൈവമായിട്ടുള്ളൂവെന്നും മറ്റുള്ളതെല്ലാം നിസ്സാരമാണെന്നും നിങ്ങൾക്ക് കണ്ണുണ്ടെങ്കിൽ കാണാൻ കഴിയണം. അവന്റെ കല്പനയില്ലാതെ നിങ്ങൾക്ക് കൈ നിവർത്തുവാനോ മടക്കുവാനോ സാധിക്കുകയില്ല. ഇതു പറയുമ്പോൾ ഒരു മൃതതുല്യനായവൻ ചിരിക്കും. എന്നാൽ, അഹോ കഷ്ടം! അവൻ മരിച്ചുപോയിരുന്നുവെങ്കിൽ ആ പരിഹസിക്കുന്നതിനേക്കാൾ നല്ലതായിരുന്നു.

ശേഷം പേജ് 2ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**ഓരോ നാട്ടിലും വസിക്കുന്ന അഹ്മദികൾ അഹ്മദിയ്യത്തിന്റെ അംബാസിഡറാണെന്ന കാര്യം എപ്പോഴും മുന്നിൽവെക്കുക. ആന്തരികമായ മാറ്റം ഉണ്ടാക്കേണ്ടതാണ്. ആന്തരികമായി മാറ്റമില്ലെങ്കിൽ നിങ്ങളും മറ്റുള്ളവരും തമ്മിൽ ഒരു വ്യത്യാസവുമില്ല. നിങ്ങളിലെ ഓരോ അഹ്മദിയും നിങ്ങളുടെ ഉള്ളിൽ നിർമലമായ ആത്മീയമാറ്റമുണ്ടാക്കി ലോകത്തിന് ഒരു മാതൃക സമർപ്പിക്കേണ്ടതാണ്.**

- **എനിക്ക് നിങ്ങൾക്കുള്ള ഉപദേശം നിങ്ങൾ മതപരവും ആത്മീയവുമായ അഭിവൃദ്ധി ആഗ്രഹിക്കുന്നുവെങ്കിൽ ഈ ആത്മീയമായ വ്യവസ്ഥിതിയുമായി ചേർന്നിരിക്കുക.**
- **കാലത്തിന്റെ ഖലീഫയുമായി വ്യക്തിപരമായ ബന്ധം നിലനിറുത്തുക. അനുസരണത്തിന്റെ നിലവാരം ഉയർത്തുക.**
- **കാലത്തിന്റെ ഖലീഫയുമായി ബന്ധം പുലർത്താനുള്ള ഒരു മാർഗ്ഗം മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ആണ്. അതിനെ പരിപൂർണമായും പ്രയോജനപ്പെടുത്തുക.**
- **കാലത്തിന്റെ ഖലീഫയുടെ പ്രസംഗങ്ങളും ജുമാ പ്രഭാഷണങ്ങളും കേൾക്കുക. അത് നിങ്ങൾക്ക് വിവേകജ്ഞാനം പകർന്നുതരുന്നതാണ്. നിങ്ങളുടെ അറിവിൽ വർദ്ധനവുണ്ടാക്കുന്നതാണ്.**

**സൂറിനാം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് (ദക്ഷിണാഫ്രിക്ക)ന്റെ ജൽസാ സലാന- വാർഷിക സമ്മേളനത്തിൽ അമീറുൽമുഅ്മിനീന്റെ സന്ദേശം**

സൂറിനാ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് (ദക്ഷിണാഫ്രിക്ക, 2016 ആഗസ്ത് 26 മുതൽ 28 വരെ തങ്ങളുടെ 37-ാമത് ജൽസാ സലാന- വാർഷിക സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. ഈ ജൽസയോടു ചേർന്ന് ജമാഅത്ത് സംസ്ഥാപനത്തിന്റെ വജ്ജ ജൂബിലിയും കൊണ്ടാടിയിരുന്നു. ഉദ്ഘാടനയോഗത്തിൽ റഫീഅ് അഹ്മദ് സാഹിബ് അമീറുൽ മുഅമിനീന്റെ പ്രത്യേക സന്ദേശം വായിച്ചുകേൾപ്പിക്കുകയുണ്ടായി. ഗ്യാന മുബല്ലിഗ് മഖ്സൂദ് അഹ്മദ് മൻസ്വൂർ സാഹിബ് 'ഇസ്‌ലാമിന്റെ സുവ്യക്തമായ പ്രത്യേകതകൾ' എന്ന വിഷയത്തെ അധികരിച്ച് പ്രസംഗിച്ചു. അതിഥികളായ അഞ്ച് പ്രസംഗകർ ശ്രോതാക്കളെ അഭിസംബോധന ചെയ്തു. രണ്ടാം ദിവസയോഗത്തിൽ രണ്ട് പ്രസംഗം നടന്നു. വിദേശ കാര്യ മന്ത്രി മിസ്റ്റർ മാലിക് നൂർ സലിം സാഹിബിന്റെ സന്ദേശം വായിച്ചുകേൾപ്പിക്കപ്പെട്ടു. പാർലിമെന്റംഗം മിസ്റ്റർ ചന്ദ്രികാപ്രസാദും സുറിനാമിന്റെ അന്താരാഷ്ട്ര മതകൗൺസിൽ പ്രസിഡണ്ടും സദസ്സിനെ അഭിമുഖീകരിച്ചു പ്രസംഗിച്ചു. രണ്ടാം ദിവസവും രണ്ട് പ്രസംഗം നടന്നു. മൂന്ന് കുട്ടികൾ നബി(സ)തിരുമേനിയുടെ ജീവിതചരിത്രത്തിലെ സംഭവങ്ങൾ ഹ്രസ്വമായി വിവരിച്ചു. മുഖ്യാതിഥി, പാർലമെന്റംഗം പ്രൊഫസർ രിയാസ് നൂർ സാഹിബ് പ്രസംഗിച്ചു. ഇതിനു പുറമെ വിവിധ മസ്ജിദുകളിലെ ഇമാമുമാർക്ക് അഭിപ്രായം പ്രകടിപ്പിക്കാൻ അവസരം നൽകി. അഞ്ഞൂറിലേറെ ആളുകൾ ജൽസയിൽ പങ്കെടുത്തു. അമേരിക്ക, ഹോളണ്ട്, ഗ്യാന എന്നീ രാജ്യങ്ങളിലെ അംബാസിഡർമാർ അയച്ച മംഗളാശംസകൾ നേർന്നുകൊണ്ടുള്ള കത്തുകൾ ലഭിച്ചിരുന്നു. ഗ്യാന എംബസിയിലെ രണ്ട് പ്രതിനിധികൾ ജൽസയിൽ പങ്കെടുത്തു. ഈ അവസരത്തിൽ ജൽസയിൽ പങ്കെടുത്തവർക്കായി അമീറുൽ മുഅ്മിനീൻ അയച്ച സന്ദേശം അൽ ഫള്ൽ ഇന്റർനാഷണൽ 2017 മെയ് 12 ന് പ്രസിദ്ധീകരിച്ചത് നന്ദിപൂർവ്വം ഇവിടെ പ്രസിദ്ധീകരിക്കുകയാണ്.

ശംസീർ അലി ശേയ്ഖ് അലി ബഖ്ഷ് സാഹിബ്
സ്വദ്ർ ജമാഅത്ത് സുറിനാം

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കത്തഹു.*

നിങ്ങൾക്ക് സുറിനാം അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ സാലാന 2016 ആഗസ്ത് 26 മുതൽ 28 വരെ സംഘടിപ്പിക്കാൻ സൗഭാഗ്യം ലഭിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു നിങ്ങളുടെ ഈ ജൽസ എല്ലാവിധത്തിലും അനുഗ്രഹപൂർണമാക്കട്ടെ. അതിന്റെ ആത്മീയാനുഗ്രഹങ്ങളിൽനിന്ന് പരിപൂർണമായും ഫലമെടുക്കാൻ ഭാഗ്യം നൽകട്ടെ. ആമീൻ. ഇക്കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തന്റെ സമ്പൂർണമാർഗദർശി(സ)യുടെ ദാസത്വത്തിൽ ആ മഹാത്മാവിന്റെ(സ) ശരീഅത്തിനെ ലോകത്ത് സ്ഥാപിക്കുന്നതിനുവേണ്ടിയും പ്രചരിപ്പിക്കുന്നതിനുവേണ്ടിയും അയച്ചു. നിങ്ങൾക്ക് ആ മഹാത്മാവിന്റെ ജമാഅത്തിൽ ചേരാൻ അല്ലാഹു തൗഫീഖ് നൽകി. ഇതൊരു ബഹുമതിയാണ്. ഇതൊരു പ്രത്യേകതയാണ്. അത് നിങ്ങളിൽ ഒരു ഉത്തരവാദിത്തമിടുന്നു. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന പ്രതിജ്ഞ ചെയ്തുകൊണ്ട് നിങ്ങൾ ബയ്അത്ത് ചെയ്തു. ആ പ്രതിജ്ഞ നിറവേറ്റിക്കൊണ്ട്, അതിനെ സംരക്ഷിച്ചുകൊണ്ട് നിങ്ങളുടെയുള്ളിൽ ആത്മീയമായ മാറ്റങ്ങൾ ഉണ്ടാക്കേണ്ടതാണ്. അല്ലാഹുവുമായിട്ടുള്ള ബന്ധം ഉന്നതനിലവാരത്തിൽ സ്ഥാപിക്കേണ്ടതാണ്. ഓരോ നാട്ടിലും വസിക്കുന്ന അഹ്മദികൾ അഹ്മദിയ്യത്തിന്റെ അംബാസിഡറാണെന്ന കാര്യം എപ്പോഴും മുന്നിൽവെക്കുക. ലോകത്തിന്റെ ദൃഷ്ടി നിങ്ങളുടെമേലുണ്ട്. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുമെന്നും മറ്റുള്ളവർക്ക് അല്ലാഹുവിന്റെ സാമീപ്യം നല്കുമെന്നുമുള്ള വാദം സത്യമായി പുലരുന്നത് നിങ്ങളുടെയുള്ളിൽ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് കർമ്മം ചെയ്യാനുള്ള ഉന്നത നിലവാരം സ്ഥാപിതമാകുമ്പോഴാണ്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'നമ്മുടെ ജമാഅത്ത് എങ്ങനെയായിരിക്കണമെന്നാൽ കേവലം വാക്കുകളിൽ ഇരിക്കാൻ പാടില്ല. മറിച്ച്, ജമാഅത്തിന്റെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നവരായിരിക്കണം. ആന്തരികമായ മാറ്റം ഉണ്ടാക്കേണ്ടതാണ്. വെറും തത്വങ്ങൾ കൊണ്ട് നിങ്ങൾക്ക് അല്ലാഹുവിനെ സന്തോഷിപ്പിക്കാൻ സാധിക്കുകയില്ല. ആന്തരികമായി മാറ്റമില്ലെങ്കിൽ നിങ്ങളും മറ്റുള്ളവരും തമ്മിൽ ഒരു വ്യത്യാസവുമില്ല." (മൽഫൂസാത്ത്, വാള്യം 8, പേജ് 188)

മറ്റൊരവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) "അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചു..... ഇതുകൊണ്ടുള്ള അവന്റെ ഉദ്ദേശ്യം ഈ ജമാഅത്ത് സഹാബാക്കളെപോലെയായിരിക്കണമെന്നതാണ്...... ഈ ജമാഅത്തിൽ പ്രവേശിക്കുന്നവർ വ ആഖരീന മിൻഹും ലമ്മ യൽ ഹഖൂബിഹിം എന്നതിൽ പ്രവേശിക്കുന്നു. അതുകൊണ്ട് അവർ വ്യാജമായ വസ്ത്രങ്ങൾ ഊരിവെക്കുകയും തങ്ങളുടെ മുഴുവൻ ശ്രദ്ധയും അല്ലാഹുവിലേക്ക് ആക്കുകയും ചെയ്യുക..... എല്ലാ നബിമാരുടേയും(അ) നിയമനത്തിന്റെ ഏക ഉദ്ദേശ്യം അല്ലാഹുവിനോടുള്ള സത്യവും യഥാർഥവുമായ സ്നേഹം സ്ഥാപിക്കുകയും മനുഷ്യകുലത്തിന്റേയും സഹോദരങ്ങളുടേയും അവകാശങ്ങളിലും സ്നേഹത്തിലും ഒരു പ്രത്യേക നിറമുണ്ടാക്കുകയും ചെയ്യുക എന്നതായിരുന്നു." (മൽഫൂസാത്ത്, വാള്യം 5, പേജ് 94-95)

അതിനാൽ നിങ്ങളിലെ ഓരോ അഹ്മദിയും നിങ്ങളുടെ ഉള്ളിൽ നിർമലമായ ആത്മീയമാറ്റമുണ്ടാക്കി ലോകത്തിന് ഒരു മാതൃക സമർപ്പിക്കേണ്ടതാണ്. അല്ലാഹുവിന്റെ അപാരമായ ഔദാര്യമാണ് നിങ്ങളിലുള്ളത്. അവൻ നിങ്ങളെ അഹ്മദിയ്യാ ഖിലാഫത്ത് മുഖേന ഏകത്വത്തിന്റെ മാലയിൽ കോർത്തിണക്കിയിരിക്കുന്നു. ഇതുമുഖേന തന്റെ സാമീപ്യത്തിന്റെ വഴികൾ തുറന്നുതന്നു. എനിക്ക് നിങ്ങൾക്കുള്ള ഉപദേശം നിങ്ങൾ മതപരവും ആത്മീയവുമായ അഭിവൃദ്ധി ആഗ്രഹിക്കുന്നുവെങ്കിൽ ഈ ആത്മീയമായ വ്യവസ്ഥിതിയുമായി ചേർന്നിരിക്കുക. കാലത്തിന്റെ ഖലീഫയുമായി വ്യക്തിപരമായ ബന്ധം നിലനിറുത്തുക. അനുസരണത്തിന്റെ നിലവാരം ഉയർത്തുക. കാലത്തിന്റെ ഖലീഫയുമായി ബന്ധം പുലർത്താനുള്ള ഒരു മാർഗ്ഗം മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ആണ്. അതിനെ പരിപൂർണമായും പ്രയോജനപ്പെടുത്തുക. കാലത്തിന്റെ ഖലീഫയുടെ പ്രസംഗങ്ങളും ജുമാ പ്രഭാഷണങ്ങളും കേൾക്കുക. അത് നിങ്ങൾക്ക് വിവേകജ്ഞാനം പകർന്നുതരുന്നതാണ്. നിങ്ങളുടെ അറിവിൽ വർധനവുണ്ടാക്കുന്നതാണ്. അല്ലാഹു നിങ്ങളിലെ ഓരോ അഹ്മദിക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ഇസ്‌ലാം അഹ്മദിയ്യത്തിന്റെ അധ്യാപനങ്ങളുടെ ഉന്നതമായ മാതൃക സമർപ്പിക്കുന്നവരാകട്ടെ. അല്ലാഹു നിങ്ങളുടെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ."

വസ്സലാം
**മിർസാ മസ്റൂർ അഹ്മദ്**
**(ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്).**

AL ISLAM

**പേജ് 1ൽ നിന്ന്**

ശ്രദ്ധിച്ചുകേൾക്കുക. നിങ്ങൾ അന്യസമുദായങ്ങളെ കണ്ട് അവർ ഭൗതികമായ പദ്ധതികളിൽ അഭിവൃദ്ധിപ്പെട്ടിരിക്കുന്നുവെന്നും അതുകൊണ്ട് വരിക! നമുക്കും അവരുടെ ചവിട്ടടികളിലൂടെ നടക്കാമെന്നും ആശിച്ചുപോകരുത്. കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുവിൻ. നിങ്ങളെ തന്നിലേക്ക് വിളിക്കുന്ന ദൈവത്തിൽനിന്ന് അവർ അങ്ങേയറ്റം അപരിചിതരും അശ്രദ്ധരുമാണ്. അരുടെ ദൈവം എന്തു വസ്തുവാണ്? കേവലം ദുർബലനായ മനുഷ്യൻ! ഇതുകൊണ്ട് അവർ അശ്രദ്ധയിൽ തള്ളപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങളെ ദുൻയാവിലെ സമ്പാദ്യത്തിൽനിന്നും തൊഴിലെടുക്കുന്നതിൽനിന്നും തടയുന്നില്ല. എന്നാൽ, നിങ്ങൾ സകലതും ദുൻയാവ് തന്നെ എന്ന് കരുതുന്നവരുടെ അനുയായികളായിത്തീരരുത്. നിങ്ങൾ എല്ലാ ഓരോ പ്രവൃത്തിയിലും അത് ഭൗതികമോ മതപരമോ ആകട്ടെ അല്ലാഹുവിനോട് കരുത്തും കഴിവും തേടിക്കൊണ്ടേയിരിക്കേണ്ടതാണ്. എന്നാൽ, വെറും വരണ്ടുണങ്ങിയ ചുണ്ടുകളാലല്ല, മറിച്ച് എല്ലാ ഓരോ അനുഗ്രഹവും ഉപരിലോകത്തുനിന്നുമാത്രമാണിറങ്ങുന്നതെന്ന് യഥാർഥമായ വിശ്വാസം നിങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്."

(കശ്തീയെ നൂഹ്, റൂഹാനീ ഖസായിൻ, വാള്യം 19, പേജ് 20, 23)

# ഖുത്ബ ജുമുഅ

**എല്ലാതരത്തിലുള്ള ഭീകരവാദവും ഭീകരപ്രവർത്തനവും അക്രമവും ഇസ്‌ലാമിന്റെ അധ്യാപനത്തിന് വിരുദ്ധമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞങ്ങളോടു പറഞ്ഞു.**

**ചിലയാളുകളുടെ ചെയ്തികളോ പ്രവർത്തനങ്ങളോ ഇസ്‌ലാമിന്റെ പേരിൽ ലോകത്ത് കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കാൻ ശ്രമിക്കുന്നതാണെങ്കിൽ അത് അല്ലാഹു മുസ്‌ലീംകൾക്കു നല്കിയ അധ്യാപനം കാരണത്താലല്ല. പ്രത്യുത ആ അധ്യാപനങ്ങളിൽനിന്ന് അകന്നുപോയ കാരണത്താലാണ്. ഇക്കാലത്ത് അല്ലാഹു അയച്ച ദൂതനേയും നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനേയും വിശ്വസിക്കാത്ത കാരണത്താലാണ്.**

**നമ്മൾ ഈ അധ്യാപനത്തിന്റെ വെളിച്ചത്തിൽ ലോകത്തിന് സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും മൈത്രിയുടേയും ശാന്തിയുടേയും വഴികാണിച്ചു കൊടുക്കുമ്പോൾ മാന്യരായ മിക്ക അമുസ് ലീംകളും അനിയന്ത്രിതമായി പറയുന്നത് ഇസ്‌ലാമിന്റെ അധ്യാപനം വളരെ മനോഹരമായ അധ്യാപനമാണെന്നാണ്. ഇക്കാര്യത്തിന്റെ പ്രകടനം ഇപ്പോൾ ഞാൻ നടത്തിയ ജർമൻ പര്യടനത്തിലും മസ്ജിദുകളുടെ ഉൽഘാടനങ്ങളിലേയും ശിലാകർമങ്ങളിലേയും വിവിധ പരിപാടികളിലുമുണ്ടായി.**

**ജർമനയിലെ വർത്തമാന കാല പര്യടനത്തിന്നിടയിൽ മസ്ജിദുകളുടെ ഉൽഘാടന-ശിലാകർമ്മ പരിപാടികളിൽ പങ്കെടുത്ത അതിഥികളുടെ ചില അഭിപ്രായപ്രകടനങ്ങളുടെ ചർച്ച**

**ജർമനിയിൽ ഇപ്പോൾ നടത്തിയ പര്യടനത്തിൽ മസ്ജിദുകളുടെ ഉൽഘാടനത്തെ സംബന്ധിച്ചും ശിലാകർമങ്ങളെ സംബന്ധിച്ചും വിശാലമായ കവറേജുകളാണ് റേഡിയോവിലും ടിവി ചാനലുകളിലും പത്രങ്ങളിലും സോഷ്യൽമീഡിയായകളിലും ഉണ്ടായത്. ഒരു കണക്കനുസരിച്ച് 39 മില്യൺ ആളുകൾവരെ ഇസ് ലാമിന്റെ സന്ദേശമെത്തുകയുണ്ടായി.**

**ദൈവകൃപയാൽ യു.കെ യിൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പ്രചരിപ്പിക്കുന്നതിന് വിശാലമായ പരിപാടികളാണ് നടന്നുവരുന്നത്. ജമാഅത്ത് വൻതോതിൽ അറിയപ്പെട്ടു. ഇവിടെ യു.കെ യിൽ ജമാഅത്തിന്റെ ഫംങ്ഷനുകൾ മുഖേന ലോകം മുഴുവൻ ഇസ്‌ലാം പരിചയപ്പെടുത്തപ്പെടുകയുണ്ടായി. മാർച്ച് മാസത്തിൽ നടന്ന പീസ് സിംപോസിയത്തിന്റെ കവറേജും അതിൽ പങ്കെടുത്ത അതിഥികളുടെ അഭിപ്രായ പ്രകടനങ്ങളും.**

**അൽജീരിയായിലും പാക്കിസ്താനിലും മറ്റു വിവിധ രാജ്യങ്ങളിലും അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ നടന്നുവരുന്ന എതിർപുകളും പ്രാർഥനയ്ക്കുള്ള ആഹ്വാനവും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2017 ഏപ്രിൽ 28/1396 ശഹാദത്ത് 28**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ. اَلرَّحْمٰنِ الرَّحِيْمِ. مٰلِكِ يَوْمِ الدِّيْنِ. إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ.
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ. صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ.

മാധ്യമ പ്രതിനിധികളുമായോ അമുസ്‌ലീംകളുമായോ ഇരിക്കുകയും ചോദ്യോത്തരത്തിനോ സംസാരത്തിനോ അവസരം കിട്ടുകയും ചെയ്യുമ്പോൾ ഏതെങ്കിലും മാർഗത്തിലൂടെ നേരിട്ടോ ആരെങ്കിലും മുഖേനയോ ലോകത്ത് ഇസ്‌ലാമിനെക്കുറിച്ച് കാണുന്ന ഭയത്തിന് കാരണമെന്താണെന്നും അത് എങ്ങനെ അകലുമെന്നും അവർ തീർച്ചയായും ചോദിക്കാറുണ്ട്. ഇതിനുകാരണം ഇസ്‌ലാമികാധ്യാപനമായേക്കാമെന്ന് ചിലർ തുറന്ന നിലയിലും ചിലർ അവ്യക്തമായ വാക്കുകളിലും പറയുകയോ പറയാൻ ആഗ്രഹിക്കുകയോ ചെയ്യുന്നു. ഇപ്രാവശ്യം ജർമനിയിലും ഒരു ജേർണലിസ്റ്റ് ഈ ചോദ്യം അതായത് ജർമനിയിൽ ഭയം കൂടിക്കൊണ്ടിരിക്കുന്നുവെന്നും പിന്നീട് നമ്മളോടുള്ള സഹതാപമെന്നനിലയിൽ, ഇക്കാരണത്താൽ ഇവിടത്തെ തദ്ദേശവാസികളായ അമുസ്‌ലീംകൾ, മുസ്‌ലീംകളുടെമേൽ അക്രമം നടത്തിക്കൊണ്ടു പോകുന്നുവെന്ന് പറയുകയും ചെയ്തു. പിന്നീട് ചോദിച്ചു: താങ്കളുടെ പ്രതികരണം എന്താണ്? ഇതിൽ താങ്കൾ എന്തുപ്രതികരണമാണ് കാണിക്കുന്നത്? ഇത് ഇവരുമായി പ്രത്യേകമായതല്ല. പലപ്രാവശ്യം മുമ്പേയും ഈ ചോദ്യം ചോദിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ഈ ചോദ്യമാണ് നമ്മുടെ തബ്‌ലീഗിനുള്ള വഴികൾ തുറക്കുന്നത്. അതായത് ഭയം വർധിക്കുന്നുണ്ടെങ്കിൽ മുസ്‌ലീംകളെന്ന് പറയപ്പെടുന്ന ചില സംഘങ്ങളോ വ്യക്തികളോ ഇസ്‌ലാമിന്റെ പേരിൽ നടത്തുന്ന തെറ്റായ പ്രവർത്തനങ്ങളും ഭീകരവാദ ആക്രമണങ്ങളും കാരണത്താലാണ് അതുണ്ടാകുന്നത്. അമുസ്‌ലീംകളുടെ പ്രതികരണം അല്ലെങ്കിൽ അവരുടെ പ്രതിരോധങ്ങളും ശരിയാണ്. അതായത് അവരിൽ മുസ്‌ലീംകളെ കുറിച്ച് ഒരു ഭയം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ, നമ്മുടെ പ്രതികരണം ഏതെങ്കിലും നെഗറ്റീവായിട്ടുള്ള പ്രതികരണമല്ല. ഞാൻ എപ്പോഴും അവരോടു പറയുന്നത് ഉലമാഅ്ന്റെ അല്ലെങ്കിൽ നാമമാത്ര ഉലമാഅ്ന്റെ തെറ്റായ ശിക്ഷണം കാരണത്താലും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തെ മനസ്സിലാക്കാത്ത കാരണത്താലും അത്തരം സംഘങ്ങളും വ്യക്തികളും നിറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത് കൃത്യം നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ചാണ് സംഭവിക്കുന്നത്(സ്വഹീഹുൽ ബുഖാരി കിതാബുൽ ഇൽമ് ഹദീഥ് 100). അത്തരം കാലത്ത് വാഗ്ദത്ത മഹ്ദിയും മസീഹും വരുമെന്നുള്ള പ്രവചനമുണ്ട്. അദ്ദേഹമാണ് ഇസ്‌ലാമിന്റെ ശരിയായ അധ്യാപനം ലോകത്ത് പ്രചരിപ്പിക്കേണ്ടത്. ഞങ്ങളുടെ വിശ്വാസമനുസരിച്ച് പ്രവചനത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട ആ വ്യക്തി അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരാണ്. ഞങ്ങളുടെ പ്രതികരണം ആ മഹാത്മാവിന്റെ അധ്യാപനമനുസരിച്ചാണ്; അത് വാഗ്ദത്ത മഹ്ദീ മസീഹ് ഞങ്ങൾക്കു നല്കിയ ഇസ്‌ലാമിന്റെ ശാന്തിയുടേയും സമാധാനത്തിന്റേയും അധ്യാപനം പ്രചരിപ്പിക്കുക എന്നതാണ്. ഈ അധ്യാപനത്തിന്റെ വെളിച്ചത്തിൽ നമ്മൾ ലോകത്ത് എല്ലായിടത്തും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഭീകരവാദ സംഘങ്ങളുടെ പ്രവൃത്തിയും ഈ പാശ്ചാത്യരാജ്യങ്ങളിലും അമുസ്‌ലിം രാഷ്ട്രങ്ങളിലും ഭീകരവാദ സംഘങ്ങളുടെ ആക്രമണം കാരണത്താൽ ഇവിടെ ഇസ്‌ലാമിന്റെ അധ്യാപനത്തെ സംബന്ധിച്ച് ഉണ്ടായിക്കഴിഞ്ഞിട്ടുള്ള ആശങ്കകളും അകറ്റുന്നതിനുവേണ്ടി നമുക്ക് കൂടുതൽ അധ്വാനിക്കേണ്ടിവരും. അതിനുവേണ്ടിയാണ് നമ്മൾ പരിശ്രമിച്ചുവരുന്നത്.

എല്ലാതരത്തിലുള്ള ഭീകരവാദവും ഭീകരപ്രവർത്തനവും അക്രമവും ഇസ്‌ലാമിന്റെ അധ്യാപനത്തിന് വിരുദ്ധമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞങ്ങളോടു പറഞ്ഞു. അവിടന്ന് ഞങ്ങളോടു അരുൾചെയ്തു:'അല്ലാഹുവന്റെ സവിശേഷ ഗുണങ്ങളെ പിൻപറ്റുകയെന്നും മാനുഷികമായ അമരത്തത്തിന് അതൊരു അമൃതാണെന്നും ലോകമുണ്ടായതുമുതൽ സകല രാജ്യങ്ങളിലേയും സാത്വികരായ ജനങ്ങൾ സാക്ഷ്യം നല്കി വന്നിട്ടുള്ളതാണ്.' അല്ലാഹുവിന്റെ സ്വഭാവങ്ങൾ, അവന്റെ സവിശേഷമായ ഗുണങ്ങൾ സ്വായത്തമാക്കുക. അപ്പോഴാണ് മനുഷ്യജീവിതത്തിന് അമരത്തമുണ്ടാകുന്നത്.' പറഞ്ഞു:'മനുഷ്യൻ സമാധാനത്തിന്റെ ഉറവിടമായ അല്ലാഹുവിന്റെ എല്ലാ പരിശുദ്ധമായ സ്വഭാവങ്ങളേയും അനുധാവനം ചെയ്യുക എന്ന കാര്യവുമായി അവന്റെ ഭൗതികവും ആത്മീയവുമായ ജീവിതം ബന്ധപ്പെട്ടിരിക്കുന്നു.' അതിനാൽ സമാധാനത്തിന്റെ ഉറവിടമായ അല്ലാഹു ഒരു മുസൽമാനിൽനിന്ന് ആഗ്രഹിക്കുന്നതും വിശുദ്ധ ഖുർആനിന്റെ കല്പനകളും അവന്റെ സവിശേഷ ഗുണങ്ങളും സ്വായത്തമാക്കുക എന്നാണ്. അവന്റെ സ്വഭാവങ്ങൾ സ്വായത്തമാക്കുക എന്നാണ്.

അവിടന്ന് പറയുന്നു:'അല്ലാഹു വിശുദ്ധ ഖുർആൻ ആരംഭിച്ചതുതന്നെ അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ എന്നു പറഞ്ഞുകൊണ്ടാണ്. അതായത് ആ സത്യസ്വരൂപനും സമ്പൂർണനുമായ അല്ലാഹുവിൽ വിശ്വസിക്കുക എന്നത് സകല മനുഷ്യരുടേയും നിർബന്ധ കടമയാണ്.' പറഞ്ഞു: 'ആലം എന്ന പദത്തിൽ എല്ലാ വിവിധ ജനതകളും വിവിധ കാലങ്ങളും വിവിധ രാജ്യങ്ങളും ഉൾപ്പെടുന്നു.'(പേഗാമെ സ്വുൽഹ് റൂഹാനീ ഖസായിൻ വാല്യം 23 പേജ് 440). പിന്നീട് അവിടന്ന് പറയുന്നു:'ആ സത്യസ്വരൂപനും സമ്പൂർണനും റബ്ബുൽ ആലമീനുമായ അല്ലാഹുവിൽ വിശ്വസിക്കുക എന്ന കാര്യം ഒരുവിധ ചർച്ചയും കൂടാതെ സ്വീകരിക്കാൻ പറ്റുന്നതും അത് എല്ലാ മനുഷ്യരുടേയും നിർബന്ധ കടമയുമാണ്. അവന്റെ പരിപാലനം ഏതെങ്കിലുമൊരു ജനതയിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല. ഒരു പ്രത്യേക കാലം വരേയും പരിമിതമല്ല. ഒരു പ്രത്യേകരാജ്യത്തിലും ഒതുങ്ങി നില്ക്കുന്നതല്ല. പ്രത്യുത അവൻ എല്ലാ രാജ്യങ്ങളുടേയും രക്ഷിതാവാണ്. എല്ലാ കാലങ്ങളുടേയും രക്ഷിതാവാണ്. എല്ലാ സ്ഥലങ്ങളുടേയും

രക്ഷിതാവാണ്. എല്ലാ രാജ്യങ്ങളുടേയും രക്ഷിതാവും അവൻതന്നെ. സകല കൃപാവരങ്ങളുടേയും ഉറവിടം അവൻതന്നെ. ഭൗതികവും ആത്മീയവുമായ സകലശക്തികളും അവനിൽനിന്നാണ്. അവനിൽനിന്നു തന്നെയാണ് നിലവിലുള്ളതെല്ലാം പരിപാലനമേറ്റു വളരുന്നത്. എല്ലാവർക്കും ആശ്രയവും അവൻ തന്നെയാണ്.'(പേഗാമെ സുൽഹ് റൂഹാനീ ഖസായിൻ വാല്യം 23 പേജ് 442) അതുകൊണ്ട് ഈ സവിശേഷ ഗുണങ്ങളും ഈ സ്വഭാവങ്ങളും ഒരു യഥാർഥ മുസൽമാൻ സ്വായത്തമാക്കേണ്ടതാണ്.

വിശുദ്ധ ഖുർആനിന്റെ പാഠങ്ങളിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നമുക്ക് നല്കിയ അറിവുകളും ജ്ഞാനങ്ങളുമാണിത്. ഈ കുറിപ്പടിയാണ് ലോകത്ത് ശാന്തിയും സമാധാനവും പ്രചരിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ളത്. ലോകത്ത് മൈത്രിക്ക് അടിത്തറയിടാൻ ഉതകുന്ന കാര്യവും ഇതുതന്നെയാണ്. അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾ ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും എത്തിക്കാൻ ശ്രമിക്കുന്ന സന്ദേശവും ഇതുതന്നെ; ശ്രമിക്കേണ്ടതുമാണ്.

അതിനാൽ ചിലയാളുകളുടെ ചെയ്തികളോ പ്രവർത്തനങ്ങളോ ഇസ്‌ലാമിന്റെ പേരിൽ ലോകത്ത് കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കാൻ ശ്രമിക്കുന്നതാണെങ്കിൽ അത് അല്ലാഹു മുസ്‌ലീംകൾക്കു നല്കിയ അധ്യാപനം കാരണത്താലല്ല. പ്രത്യുത ആ അധ്യാപനങ്ങളിൽനിന്ന് അകന്നുപോയ കാരണത്താലാണ്. ഇക്കാലത്ത് അല്ലാഹു അയച്ച ദൂതനേയും നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനേയും വിശ്വസിക്കാത്ത കാരണത്താലാണ്.

നമ്മൾ ഈ അധ്യാപനത്തിന്റെ വെളിച്ചത്തിൽ ലോകത്തിന് സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും മൈത്രിയുടേയും ശാന്തിയുടേയും വഴികാണിച്ചു കൊടുക്കുമ്പോൾ മാന്യരായ മിക്ക അമുസ്‌ലീംകളും അനിയന്ത്രിതമായി പറയുന്നത് ഇസ്‌ലാമിന്റെ അധ്യാപനം വളരെ മനോഹരമായ അധ്യാപനമാണെന്നാണ്. ഇക്കാര്യത്തിന്റെ പ്രകടനം ഇപ്പോൾ ഞാൻ നടത്തിയ ജർമൻ പര്യടനത്തിലും മസ്ജിദുകളുടെ ഉൽഘാടനങ്ങളിലേയും ശിലാകർമങ്ങളിലേയും വിവിധ പരിപാടികളിലുമുണ്ടായി.

ഒരു നഗരമാണ് വാൽശട്ട്(Waldshut). അവിടെ മസ്ജിദ് നിർമിച്ചു. അവിടെ ഒരു മസ്ജിദിന്റെ ഉൽഘാടന പരിപാടിയിൽ മറ്റൊരു നഗരമായ ബാസിലി(Basel)ൽനിന്നു വന്ന ഒരു ഡോക്ടർ സാഹിബുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു:"എവിടെയെങ്കിലും സമാധാന പ്രിയനായ ഒരു മുസൽമാനെ കണ്ടെത്താൻ ഞാൻ ജീവിതം മുഴുവൻ അന്വേഷിച്ചുകൊണ്ടിരുന്നു. ഇന്ന് നിങ്ങൾ എന്റെ ആഗ്രഹം പൂർത്തിയാക്കിയിരിക്കുന്നു. ഇന്ന് ഈ ആളുകളെ കിട്ടിയതിൽ ഞാൻ എന്നെ വളരെ സൗഭാഗ്യവാനായി മനസ്സിലാക്കുന്നു."

ഇറ്റലിയുമായി ബന്ധമുള്ള ഒരു സ്ത്രീ വന്നിരുന്നു. അവർ തന്റെ സുഹൃത്തിനോടൊപ്പമാണ് പരിവപാടിയിൽ പങ്കെടുത്തത്. അവർ പറഞ്ഞു:"എന്റെ സുഹൃത്ത് ഈ പരിപാടിയിൽ പങ്കെടുക്കുന്നത് ഭയന്നിരുന്നു. കാരണം ഇസ്‌ലാമിനെക്കുറിച്ച് അദ്ദേഹത്തിന് നെഗറ്റീവായിട്ടുള്ള വികാരങ്ങളായിരുന്നു ഉണ്ടായിരുന്നത്. പക്ഷേ, പരിപാടിയിൽ പങ്കെടുക്കുകയും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേൾക്കുകയും ചെയ്തതിനുശേഷം ഇസ്‌ലാമിനെ കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണം തികച്ചും മാറിപ്പോയി. എത്രത്തോളമെന്നാൽ അദ്ദേഹം ഉടനെ തന്റെ മൊബൈൽ എടുത്ത് ഏതോ ഒരു മുസ്‌ലിം സുഹൃത്തിന് മെസേജ് ചെയ്തു: 'ഇന്ന് എനിക്ക് മനസ്സിലായി നിങ്ങളുടെ മതം എത്ര മനോഹരമാണെന്ന്."

പിന്നീട് ബോസ്നിയയുമായി ബന്ധംവെക്കുന്ന വലിയ വിദ്യാസമ്പന്നരായ മൂന്ന് സ്ത്രീകൾ ഈ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. അവർ തങ്ങളുടെ അനുഭവങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഇന്നത്തെ പ്രോഗ്രാം നിലവിലുള്ള പ്രയാസകരമായ അവസ്ഥകളിൽ സമാധാനസംസ്ഥാപനത്തിന് ഒരു കൈത്തിരിയുടെ നില ഉൾക്കൊള്ളുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണത്തിൽ സ്നേഹത്തേയും അയൽവാസികളുടെ അവകാശങ്ങൾ നിറവേറ്റേണ്ടതിനെയും കുറിച്ച് താക്കീത് ചെയ്തു പറയുകയുണ്ടായി.

ഒരു അതിഥി പറഞ്ഞു:"ഇവിടെ നിങ്ങളുടെ സദസ്സിൽനിന്ന് എനിക്കും കുറച്ച് അനുഗ്രഹങ്ങൾ സ്വരുക്കൂട്ടാൻ അവസരം കിട്ടി. ഇവിടെ വരിക എന്നത് എനിക്ക് ബഹുമതിയാണ്. ഇന്നിവിടെ വന്നില്ലായിരുന്നെങ്കിൽ തീർച്ചയായും വളരെ വലിയ കാര്യത്തിൽനിന്ന് ഞാൻ പിന്തള്ളപ്പെട്ടുപോകുമായിരുന്നു. അഹ്മദിയ്യാ ജമാഅത്തുമുഖേന എനിക്ക് യഥാർഥ ഇസ്‌ലാമിനെ പരിചയപ്പെടാൻ കഴിഞ്ഞു. അതു ടി.വിയിൽ കാണിക്കുന്ന വെറുപ്പിന്റേയും ഭീകരതയുടേയും ഇസ്‌ലാമിന് തികച്ചും വിരുദ്ധമാണ്. ഇവിടെ നിന്ന് എനിക്ക് ശാന്തിയും സ്നേഹവും ലഭിച്ചു. ഇതുമാത്രമല്ല വാക്കാലുള്ള സ്നേഹവും സമാധാനവും ലഭിച്ചു. എന്നല്ല കാർമപരമായ നിലയിലും വെറുപ്പ് ആഗ്രഹിക്കാത്ത മനുഷ്യരെ എനിക്കു കിട്ടി." ഓരോ അഹ്മദിയുടേയും വ്യക്തിപരമായ പ്രവർത്തനവും കർമവും ഒരു നിശബ്ദമായ പ്രബോധനമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മറ്റൊരു അതിഥി തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത് ഈ വാക്കുകളിലായിരുന്നു: ഇന്നേവരെ ഞാൻ ചിന്തിച്ചിരുന്നത് നമ്മൾ ഒരു ദൈവത്തെ വിശ്വസിക്കുന്നുവെന്നും വിവിധ മതങ്ങൾ വിവിധ വഴികൾ കാണിച്ചിരിക്കുന്നുവെന്നുമായിരുന്നു. എന്നാൽ, ഇന്ന് ഇവിടെ വന്നപ്പോൾ മനസ്സിലായി മതം ഐകകണ്ഠ്യേന ഒരു വഴിയാണ് പറഞ്ഞിരിക്കുന്നതെന്ന്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഇക്കാര്യം വളരെ മനോഹരമായ നിലയിൽ വിവരിക്കുകയുണ്ടായി. അദ്ദേഹം വളരെ വ്യക്തമായ നിലയിൽ മറ്റുള്ള ഭീകരവാദ പ്രവർത്തനങ്ങൾ ചെയ്യുന്ന മുസ്‌ലിംകളിൽനിന്നും ഐ എസ് ഐ എസിൽനിന്നും അകന്നുനിൽക്കുന്നതായി പ്രകടിപ്പിച്ചുവെന്നത് എനിക്കേറെ ഇഷ്ടപ്പെട്ടു. അവർക്ക് ഇസ്‌ലാമികാധ്യാപനങ്ങളുമായി ഒരു ബന്ധവുമില്ലെന്ന് നമ്മളോട് പറയുകയും ചെയ്തു. യാഥാർഥ്യവുമിതാണ്. അല്ലാഹുവിന്റെ പേരിൽ വേദനാജനകമായ പണികളാണ് ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിൽ നിങ്ങൾക്ക് ഒരു തെറ്റുമില്ല. മറിച്ച് തെറ്റ് അവരുടേതാണ്; അതായത് ഈ അധ്യാപനത്തെ തെറ്റായി വ്യാഖ്യാനിക്കുന്നവരുടെ. പിന്നീട് പറഞ്ഞു, സ്നേഹവും സാഹോദര്യവുംകൊണ്ട് ഈ കുഴപ്പങ്ങൾക്കെതിരെ നിൽക്കുക എന്നതാണ് നമ്മുടെ ജോലി. 'കൊലയും കൊള്ളയും ചെയ്തുകൊണ്ടിരിക്കുന്ന ഒരുവന് ദൈവത്തിൽ വിശ്വാസമുണ്ടെന്ന് പറയാൻ പറ്റുകയില്ല. കാരണം ഒരു രീതിയിൽ ഏതെങ്കിലും നിരപരാധിയെ വധിക്കുക എന്നതിന്റെ അർഥം അല്ലാഹുവിലുള്ള വിശ്വാസത്തേയും അവൻ വധിച്ചുകൊണ്ടിരിക്കുന്നുവെന്നാണെന്ന്' താങ്കൾ പറഞ്ഞ കാര്യം എനിക്ക് ഏറെ ഇഷ്ടപ്പെട്ടു.

നമ്മുടെ ശുദ്ധമാനസരായ അഹ്മദി കുട്ടികളും എങ്ങനെയാണ് തങ്ങളുടെ ചുറ്റുവട്ടത്ത് സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ പ്രകടനവും നമുക്ക് കാണാൻ കഴിയുന്നുണ്ട്. ഒരു അതിഥി സ്ത്രീ തന്റെ അനുഭവങ്ങൾ വിവരിച്ചുകൊണ്ടു പറഞ്ഞു:"ഞാൻ നിങ്ങൾക്കു നന്ദി പറയുകയാണ്. എന്റെ മക്കൾക്ക് അഹ്മദി കുട്ടികളുമായിട്ടാണ് സുഹൃത്ത് ബന്ധമുള്ളത്. അവർക്കു അഹ്മദി കുട്ടികളുമായി സുഹൃത്ത് ബന്ധമുണ്ടായതുമുതൽ ഞാൻ അവരിൽ പോസിറ്റീവും ഉത്തമവുമായൊരു മാറ്റം കണ്ടു. ഇക്കാരണത്താൽ നിങ്ങളുടെ അധ്യാപനം എന്തെന്നറിയാൻ ഞാൻ ആഗ്രഹിച്ചിരുന്നു. എന്റെ കുട്ടികൾ നല്ല സുഹൃത്തുക്കളോടൊപ്പമാണെന്നും സുരക്ഷിതരാണെന്നും ഇന്ന് ഇവിടെ വന്നതിനുശേഷം എനിക്കു മനസ്സിലായി."

കുട്ടികൾ കാരണത്താൽ ഈ നിശബ്ദ തബ്ലീഗ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് തങ്ങളുടെ കുട്ടികളുടെ തർബിയ്യത്തിന്റെ നിലവാരം ഉയർത്തുക എന്ന ഉത്തരവാദിത്വം അഹ്മദി മാതാപിതാക്കളുടെ മേൽ ഇടുന്നു. എപ്പോഴും അഹ്മദി കുട്ടികൾ മറ്റുള്ളവരുടെമേൽ നല്ല സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നതി നും ചുറ്റുപാടിന്റെ തിന്മകളിൽനിന്ന് സുരക്ഷിതരായി ഇരിക്കുന്നതിനും അവർക്കുവേണ്ടി ദുആകളും ചെയ്യുക. ഈ നല്ല സ്വാധീനങ്ങളാണ് ഭാവിയിൽ ഇൻശാ അല്ലാഹ് യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിൽ പങ്കുവഹിക്കുന്നത്. ഈ കുട്ടികളോടൊപ്പം കളിച്ചു വളരുന്ന ആ കുട്ടികൾ, ഈ കുട്ടികൾ തങ്ങളുടെ അവസ്ഥകളെ ഇസ്‌ലാമിന്റെ അധ്യാപനമനുസരിച്ച് വാർത്തെടുക്കുകയാണെങ്കിൽ ഇൻശാഅല്ലാഹ് അമുസ്‌ലീംകളിൽ നിന്നുള്ള ആ കുട്ടികളിൽ അഹ്മദിയ്യത്തിൽ ചേരുന്നവർ വളരെയധികമുണ്ടാകുന്നതാണ്.

ഇപ്രകാരംതന്നെ Augsburg മറ്റൊരു നഗരമാണ്. ഇവിടെ മസ്ജിദിന്റെ ഉൽഘാടനം നടന്നു. വലിയ നഗരമായ കാരണത്താൽ ഇവിടെനിന്ന് വിദ്യാസമ്പന്നരായ ധാരാളമാളുകൾ പങ്കെടുത്തിരുന്നു. രാഷ്ട്രീയ നേതാക്കളും വന്നിരുന്നു. ഒരു അതിഥി തന്റെ അനുഭവങ്ങൾ വിവരിച്ചുകൊണ്ട് പറഞ്ഞു:"ഈ എത്തിച്ചുകൊണ്ടിരിക്കുന്ന സന്ദേശം വളരെ ഹൃദ്യമായതാണ്. ഇസ്‌ലാമിക രാഷ്ട്രങ്ങളിലെ അധികമാളുകളിലും ഇത് എത്തണമെന്നാണ് എന്റെ ആഗ്രഹം. ഇതു മുഖേന കൂടുതൽ സമാധാനം സ്ഥാപിതമാകുന്നതായിരിക്കും. അഹോ കഷ്ടം! മുസ്‌ലീംകളും മുസ്‌ലിം രാജ്യങ്ങളും നബി(സ)തിരുമേനിയുടെ സത്യവാനായ ദാസൻ മുഖേനയാണ് ഇസ്‌ലാമിന്റെ പുനരുദ്ധാനം ഉണ്ടാകേണ്ടതെന്ന കാര്യം മനസ്സിലാക്കുന്നവരായിരുന്നെങ്കിൽ! ഇതിൽ തടസ്സം സൃഷ്ടിക്കുന്നവരും എതിർപ്പുകളും ശത്രുതകളും ഉണ്ടാക്കുന്നവരുമാകാതെ ഇവരെ സഹായിക്കുന്നവരും പിന്തുണയ്ക്കുന്നവരുമായിരുന്നെങ്കിൽ!"

ഒരു ജർമൻ സ്കൂൾ ടീച്ചർ തന്റെ അനുഭവങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: "എനിക്ക് എന്റെ സ്കൂളിലെ കുട്ടികൾക്ക് ഇസ്‌ലാമിനെ ഉദ്ധരിച്ചുള്ള അവരുടെ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കാൻ സാധിച്ചിരുന്നില്ല. കാരണം മീഡിയായിൽ എന്തൊന്നാണോ വന്നുകൊണ്ടിരിക്കുന്നത് അത് ഇസ്‌ലാമികാധ്യാപനങ്ങൾക്ക് കടകവിരുദ്ധമായിരുന്നു. ഇന്നത്തെ പരിപാടിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണത്തിൽനിന്ന് എനിക്ക് ഒരുപാട് പോയന്റുകൾ കിട്ടി. അതിനാൽ എനിക്ക് എന്റെ വിദ്യാർഥികൾക്ക് ഇനി ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ പറഞ്ഞുകൊടുക്കാൻ കഴിയുന്നതാണ്."

വേറൊരു സ്ത്രീ പറഞ്ഞു: "നിങ്ങളുടെ ഖലീഫ പറഞ്ഞ കാര്യങ്ങൾ എന്റെ മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചിരിക്കുന്നു. ഇസ്‌ലാമികാധ്യാപനം ഇത്ര മനോഹരവും സുന്ദരവുമാമെന്ന് എനിക്കറിയില്ലായിരുന്നു. ഇക്കാര്യങ്ങൾ കേട്ട് എന്റെ മനസ്സിൽ ഒരു ചോദ്യമുദിക്കുന്നു; ഇത്ര സുന്ദരമായ അധ്യാപനമായിരുന്നിട്ടും എന്തുകൊണ്ടാണ് ഇസ്‌ലാമിന് ഇത്ര മാത്രം ദുഷ്പ്പേരുണ്ടായത്? നിങ്ങൾ മുഖേന ഇസ്‌ലാം വ്യപിക്കാനും എല്ലാവരിലും അതെത്താനും ഞാൻ ദുആ ചെയ്യുന്നു."

ആഗസ്ബർഗ് യൂണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസർ പറയുന്നു: "അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം എന്തൊന്നാണോ പറഞ്ഞത് അത് യഥാർഥത്തിൽ നിങ്ങളുടെതന്നെ സന്ദേശമാണെങ്കിൽ നിങ്ങൾക്ക് ഒരുപാടു വിജയങ്ങൾ ഉണ്ടാകുന്നതാണ്."പറയുന്നയാൾ എഴുതുന്നു, പ്രൊഫസർ സാഹിബ് എത്രമാത്രം ആകർഷിതനായെന്നാൽ യൂണിവേഴ്സിറ്റിയിൽ എക്സിബിഷൻ നടത്താൻ അദ്ദേഹം ആവശ്യപ്പെട്ടു. ജമാഅത്ത് പൊതുവേദികളിൽ ഒരുപാട് ശോഭിക്കണമെന്നും നിങ്ങളുടെ സന്ദേശം എല്ലായിടത്തും എത്തണമെന്നും അവർ ആഗ്രഹം പ്രകടിപ്പിച്ചു."

ഒരു അതിഥി പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഇന്ന് നമ്മളോട് പറഞ്ഞ വിഷയം നമുക്കെല്ലാവർക്കും ആവശ്യമുള്ളതാണ്. ഇത് മതപരമായ വീക്ഷണത്തിൽ മാത്രമല്ല മറിച്ച്, ഭൗതികമായ വീക്ഷണത്തിലും പ്രശ്നങ്ങൾ പരിഹരിക്കുന്നത് എങ്ങനെയെന്ന് വിവരിച്ചു.' പിന്നീട് ഒരതിഥി പറഞ്ഞു: 'നമ്മളെല്ലാവരും തുറന്നനിലയിലും കൂടിച്ചേർന്നും സ്നേഹത്തോടും സഹിഷ്ണതയോടും കൂടി ഇരിക്കുകയാണെങ്കിൽ എല്ലാവിധ ആശങ്കകളും അവസാനിക്കുമെന്ന് പറഞ്ഞ കാര്യം വളരെ ശരിയാണ്.'

മറ്റൊരു അതിഥി പറഞ്ഞു: 'ഞാൻ വളരെ ആകർഷിതനായിരിക്കുന്നു. ലോകം മുഴുവനും ഇസ്‌ലാമിനെക്കുറിച്ച് പറയുന്നത് അത് വെറുപ്പിന്റെ അധ്യാപനം നൽകുന്നുവെന്നാണ്. ഇവിടെ മുസ്‌ലിംകൾ അതിന് നേരെ വിപരീതമായി സമാധാനത്തെ സംബന്ധിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നു.'

ഒരു അതിഥി പറഞ്ഞു:'പ്രഭാഷണം കേട്ട് ഇസ്ലാം സഹിഷ്ണുതയിൽ എത്രമാത്രം ശക്തിയാണ് ചെലുത്തുന്നതെന്ന കാര്യം എന്റെ മനസ്സിൽ ആഴത്തിൽ സ്വാധീനിച്ചു. എനിക്ക് ജമാഅത്തുമായി ആദ്യമേതന്നെ ബന്ധമുണ്ട്. വളരെ നല്ലതും സമാധാനപരവുമായ ജമാഅത്താണത്. അതുകൊണ്ട് ഇപ്പോൾ അതിനോ ടു താൽപര്യം വർധിച്ചു. നിങ്ങളുടെ മസ്ജിദ് ചുറ്റിക്കാണാൻ ഞാൻ ശ്രമിക്കുന്നതാണ്. ഇന്റർനെറ്റിൽനിന്നും നിങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ഞാൻ കരസ്ഥമാക്കുന്നതാണ്.'

ഒരു വനിത ഡോക്ടർ പറഞ്ഞു: "എന്നെ പ്രഭാഷണം ഹഠാദാകർഷിച്ചു. മനസ്സിന്റെ അടിത്തട്ടുവരെ എത്തുന്ന പ്രഭാഷണമായിരുന്നു അത്. പ്രത്യേകിച്ചും സ്നേഹത്തിന്റേയും സമാധാനത്തിന്റേയും സന്ദേശം. നമ്മളിൽ എല്ലാ ഓരോരുത്തരും ഇസ്ലാമികാധ്യാപന പ്രകാരം നമ്മുടെ അയൽവാസികളെക്കുറിച്ച് ചിന്തിക്കുന്നവരാകുകയാണെങ്കിൽ ലോകം മുമ്പത്തെക്കാളധികം സമാധാനനിർഭരവും സുന്ദരവും ആകുമായിരുന്നു."

മറ്റൊരു സ്ത്രീ പറഞ്ഞു: 'അയൽവാസികളോടുള്ള കടമകളെ കുറിച്ച് ശ്രദ്ധ ക്ഷണിച്ചിരുന്നു. ഇത് പ്രത്യേകിച്ചും വളരെ നല്ലതായി തോന്നി. നമ്മൾ ഈ സന്ദേശത്തിന്റെ ഒരു ഭാഗമെങ്കിലും പ്രാവർത്തികമാക്കുകയാണെങ്കിൽ ലോകം മുമ്പത്തേക്കാൾ കൂടുതൽ സമാധാനനിർഭരവും സുന്ദരവുമാകുന്നതാണ്.

പോലീസുകാരനായ ഒരു തുർക്കി അതിഥി തന്റെ അനുഭവങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "ഇന്നത്തെ പരിപാടിയും നിങ്ങളുടെ സന്ദേശവുംകൊണ്ട് ഞാൻ വളരെ ആകർഷിതനായിരിക്കുകയാണ്. നിങ്ങൾ ഇസ്ലാമിന്റെ സന്ദേശം ഇപ്രകാരം ഓരോയിടത്തും എത്തിച്ചുകൊണ്ടിരുന്നാൽ അടുത്തുതന്നെ വൻവിജയം പ്രാപിക്കുന്നതാണ്." തുടർന്നു പറയുന്നു: "ഞാൻ പോലീസുകാരനാണ്. ഇത്രമാത്രം മനോഹരമായ തയ്യാറെടുപ്പ് ഒരിടത്തും കാണാൻ സാധിക്കുകയില്ല. ഞാൻ നിങ്ങളുടെ ഒരുക്കങ്ങളിൽനിന്ന് വളരെയധികം പഠിച്ചിരിക്കുന്നു."

ശിലാസ്ഥാപനകർമത്തിൽ പങ്കെടുക്കാൻ ഒരു അതിഥി വന്നിരുന്നു. അദ്ദേഹം പറയുന്നു: 'എനിക്ക് ഇവിടെ വന്നിട്ട് നമ്മളെല്ലാം ഒന്നാണെന്ന് തോന്നിപ്പോയി. എനിക്ക് ക്രിസ്ത്യാനികളുടേയും ഒരുപാട് പരിപാടികളിൽ പങ്കെടുക്കാൻ അവസരം കിട്ടിയിട്ടുണ്ട്. എന്നാൽ, അവിടെ ഇത്തരത്തിലുള്ള ഒത്തൊരുമ അനുഭവപ്പെട്ടിട്ടില്ല.' അവസാനം പറഞ്ഞു: 'ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം നിങ്ങളിൽനിന്ന് ഒരുപാട് പഠിക്കാനുണ്ട്.'

പിന്നീട് മറ്റൊരു ക്രിസ്ത്യാനി ഇക്കാര്യം അംഗീകരിക്കുകയുണ്ടായി. ക്രിസ്ത്യാനികൾ നിങ്ങളിൽനിന്ന് വളരെയധികം പഠിക്കേണ്ടതാണ്; പ്രത്യേകിച്ചും ഉത്കൃഷ്ടമായ സ്വഭാവങ്ങൾ. ഇത് വളരെ വലിയ കാര്യമാണ്. നമ്മുടെ യുവാക്കൾക്കാണ് ഇതുസംബന്ധമായി കൂടുതൽ വിശ്വാസമുണ്ടാകേണ്ടത്. അതായത് ഒരുതരത്തിലുള്ള ലജ്ജയുടേയും ആവശ്യമില്ല. നമ്മൾ നമ്മളെ മുസ്ലിംകളാണെന്ന് പറയുന്നതിൽനിന്ന് ഒളിപ്പിച്ചുവെക്കേണ്ട കാര്യവുമില്ല. മറിച്ച്, തുറന്നനിലയിൽ ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനം ലോകത്തോട് പറയേണ്ടതാണ്.

പിന്നീട് റൗൻഹൈമിൽ (Raunheim) മസ്ജിദിന്റെ ശിലാസ്ഥാപന കർമത്തിൽ പങ്കെടുത്ത ഒരു അതിഥി പറയുന്നു: 'ഖലീഫ ആകർഷണീയമായ രീതിയിൽ ലോകത്തിന്റെ അവസ്ഥകളെ സംബന്ധിച്ച് നമ്മളോട് പറഞ്ഞു. പ്രത്യേകിച്ചും ഇസ്ലാമിന്റെ സമാധാനനിർഭരമായ അന്തരീക്ഷത്തെ വ്യക്തമായ നിലയിൽ നമ്മുടെ മുമ്പിൽ കൊണ്ടുവന്നു.'

ഒരു അതിഥി പറഞ്ഞു: ഞാൻ ആദ്യമായിട്ടാണ് ജമാഅത്തിന്റെ പരിപാടിയിൽ വന്നിട്ടുള്ളത്. എനിക്ക് മനസ്സിലായത് ജമാഅത്ത് റൗൻഹൈമിൽ(Raunheim) സ്ഥലം വാങ്ങിയിരിക്കുന്നു എന്നാണ്. ഇനി ഞാൻ പ്രതീക്ഷിക്കുന്നത് എത്രയും വേഗം അവിടെ നിങ്ങളുടെ മസ്ജിദുണ്ടാകുമെന്നാണ്. എനിക്കത് കാണണം.' ഒന്നുകിൽ എതിർപ്പുകൾ ഉണ്ടാകുന്നു. അല്ലെങ്കിൽ എത്രയും വേഗം മസ്ജിദുണ്ടാക്കുക എന്ന സന്ദേശം നമുക്കെത്തുന്നു.

ഒരതിഥിയ്ക്ക് സമാധാനം സംബന്ധിച്ചും സ്ത്രീകളുടെ അവകാശങ്ങളെ സംബന്ധിച്ചും ആശങ്കകളുണ്ടായിരുന്നു. നിങ്ങളുടെ ഖലീഫ സമാധാനത്തിനുവേണ്ടി എന്താണ് ചെയ്യുന്നതെന്ന ചോദ്യവും അദ്ദേഹം ഉന്നയിച്ചു. പ്രഭാഷണം കേട്ടുകഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ മനസ്സിലുണ്ടായിരുന്ന എല്ലാ കാര്യങ്ങളും പ്രഭാഷണത്തിൽ വിവരിക്കപ്പെട്ടു. എന്റെ എല്ലാ ആശങ്കകളും അകന്നു.' അദ്ദേഹം പറഞ്ഞു: 'നിങ്ങൾ സമാധാനത്തിന്റെ അംബാസിഡർമാരാണ്. എല്ലാ മുസ്ലിംകളും ഈ അധ്യാപനമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.' പിന്നീട് ഇങ്ങനേയും അദ്ദേഹം പറഞ്ഞു: 'ഇനി ഞാൻ എന്റെ വൃത്തത്തിലുള്ളവരോട് എന്റെ ഹൽഖ ഏതാണോ അതിൽ നിങ്ങളുടെ ഈ സന്ദേശം പ്രചരിപ്പിക്കുന്നതിൽ പൂർണമായും ശ്രമിക്കുന്നതായിരിക്കും.'

ഒരു സിറിയൻ സുഹൃത്ത് തന്റെ അനുഭവങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "അമുസ്ലിം സഹോദരങ്ങൾ ഇവിടെ വന്ന് ബഹളമുണ്ടാക്കുമോ എന്ന ഭയം എനിക്കുണ്ടായിരുന്നു." എന്നിട്ട് പറഞ്ഞു: "നിങ്ങൾ മറ്റു മുസ്ലീംകളെക്കാൾ ഉന്നതമായ നിലയിൽ ഇസ്ലാമികാധ്യാപനങ്ങൾ സമർപിച്ചിരിക്കുന്നു." പറഞ്ഞു: "അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഇന്ന് യഥാർഥ ഇസ്ലാമികാധ്യാപനം അവതരിപ്പിച്ചു. ഞാൻ അഹ്മദികളുടെ പരിപാടിയിൽ ആദ്യമായിട്ടാണ് പങ്കെടുക്കുന്നത്. ഇനി ഞാൻ കൂടുതൽ അറിവുകൾ കരസ്ഥമാക്കുന്നതാണ്. ഒരുപക്ഷേ, ഒരുനാൾ ഞാൻ തന്നെയും ബയ്അത്തു ചെയ്തു ഈ ജമാഅത്തിൽ പ്രവേശിച്ചുകൂടായ്കയില്ല." അദ്ദേഹം പറയുന്നു:"അഹ്മദികളുടെ ഖുർആൻ വേറെയാണെന്ന് പറയുന്നത് ഇവിടെ വരുന്നതിനുമുമ്പേ ഞാൻ കേട്ടിരുന്നു. പക്ഷേ, ഇന്ന് എന്റെ മുമ്പിൽ അക്കാര്യം തെറ്റാണെന്ന് തെളിഞ്ഞിരിക്കുന്നു."

ഒരതിഥി പറയുന്നു: 'ഒരു അഹ്മദി പരിപാടിയിൽ പങ്കെടുക്കാനുള്ള ആദ്യത്തെ അവസരമായിരുന്നു ഇത്. ഇതിനു മുമ്പേ ജമാഅത്തിനെ കുറിച്ച് കൂടുതൽ അറിവൊന്നുമുണ്ടായിരുന്നില്ല. എന്നാൽ, ഇപ്പോൾ ഞാൻ വളരെയധികം ആകർഷിതനാണ്. മസ്ജിദുകളുടെ ബഹുഭൂരിഭാഗം സമയവും ഭീകരപ്രവർത്തനം സംബന്ധിച്ചാണ് വിവരിക്കപ്പെടുന്നത്. എന്നാൽ, ഇന്ന് മനസ്സിലായി ഇത് വസ്തുതാപരമല്ല. ഇവിടെ ഒരു മസ്ജിദ് നിർമിക്കാൻ പോകുകയാണെന്നും ഈ മസ്ജിദ് സമാധാനത്തിന്റെ കളിത്തൊട്ടിലായിരിക്കുമെന്നും അറിഞ്ഞതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു.'

ഒരു സ്ത്രീ പറഞ്ഞു: 'ഞാൻ ആദ്യമായിട്ടാണ് ജമാഅത്തിന്റെ ഒരു പരിപാടിയിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നത്. വളരെ ശാന്തിനിർഭരമായൊരു അന്തരീക്ഷമാണിത്. എന്തൊന്നാണോ പറയപ്പെട്ടിരിക്കുന്നത് അത് സ്നേഹത്തേയും സഹിഷ്ണുതയേയും സംബന്ധിച്ചുള്ളതാണ്. സമാധാനത്തെ സംബന്ധിച്ചുള്ളതാണ്. ഞാനതിൽ വളരെയധികം ആകർഷിതയായിരിക്കുന്നു.'

മാർബർഗ് ഒരു നഗരമാണ്. അവിടെ മസ്ജിദിന് ശിലാകർമം നടന്നു. അവിടെ നടന്ന പരിപാടിയിൽ പങ്കെടുത്ത ഒരു സ്ത്രീ പറഞ്ഞു:"അയൽവാസികളോടുള്ള കടമകളെ കുറിച്ചുള്ള സന്ദേശം എന്നെ വല്ലാതെ സ്വാധീനിച്ചു. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ക്രിസ്ത്യാനികളും ഈ അധ്യാപനം സ്വീകരിക്കണമെന്നാണ് എന്റെ ആഗ്രഹം."

പിന്നീട് മറ്റൊരു അതിഥി പറഞ്ഞു:"അങ്ങയുടെ പ്രഭാഷണത്തിൽ സ്ത്രീകളുടെ സ്ഥാനം അവതരിപ്പിച്ചത് അങ്ങേയറ്റം മനോഹരമായ മതാധ്യാപനമാണ്. നിങ്ങളുടെ ഇവിടത്തെ പുരുഷന്മാരുടേയും സ്ത്രീകളുടേയും സ്ഥാനവും അവകാശങ്ങളിലുള്ള സമത്വവും എനിക്ക് വളരെയേറെ ഇഷ്ടപ്പെട്ടു."

ലോഡ്മേയർ തന്റെ അനുഭവങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: "മുസ്ലീംകളുടെമേൽ എത്രയധികം ആക്ഷേപങ്ങളാണ് ഉന്നയിക്കപ്പെടുന്നതെന്നാൽ മുസ്ലിംകൾക്ക് അതിനുള്ള മറുപടിയിൽ തെളിവുകൾ നല്കേണ്ടിവരുന്നു. വാസ്തവത്തിൽ പാശ്ചാത്യലോകത്തെ ഏതെങ്കിലുമൊരാളോ ഒരു ക്രിസ്ത്യാനിയോ അക്രമപ്രവർത്തനം നടത്തിയാൽ നോർവെയിൽ ഒരു ഘാതകൻ ക്രിസ്തുവിന്റെ പേരിൽ കൊല നടത്തിയതുപോലെ അത് അവന്റെ മതത്തിന്റെ കുറ്റമാണെന്ന് ആരും പറയാറില്ല."

ഒരു അതിഥി മിസിസ് ജൂലിയാ(Julia) പറയുന്നു: 'വളരെ നല്ലനിലയിൽ സംഘടിപ്പിച്ചിട്ടുള്ള ഈ പരിപാടിയിലെ പ്രസംഗത്തിൽ പ്രതിപാദിച്ച 'മനുഷ്യരോടുള്ള കടമ നിറവേറ്റാതിരുന്നാൽ ദൈവത്തെ ആരാധിക്കുന്നതിന്റെ അർഥമെന്ത്?' എന്ന പോയന്റ് എനിക്ക് വളരെ നന്നായിത്തോന്നി." അവർ പറയുന്നു:'ഇസ്ലാം ഭീകരപ്രവർത്തനത്തിനുള്ള പാഠം നല്കുന്നുണ്ടായിരിക്കും എന്ന ചിന്തതന്നെയായിരുന്നു ഇവിടെ വരുന്നതിനുമുമ്പേ എനിക്കുമുണ്ടായിരുന്നത്. പക്ഷേ, ഇന്നത്തെ പരിപാടി എന്റെ മനസ്സിനെ ഇസ്ലാമിനെക്കുറിച്ചുള്ള നെഗറ്റീവായ ചിന്താഗതിയിൽനിന്ന് ശുദ്ധമാക്കിയിരിക്കുന്നു. എനിക്ക് ഇസ്ലാമിന്റെ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അധ്യാപനം വളരെ നല്ലനിലയിൽ അറിയാൻ കഴിഞ്ഞു.' പിന്നീടൊരു സ്ത്രീ പറഞ്ഞു: 'ഇരുണ്ട ഇക്കാലഘട്ടത്തിൽ ഈ സന്ദേശം ആകാശത്തിലെ ഒരു ദീപത്തിന്റെ നില ഉൾക്കൊള്ളുന്നതാണ്. മനുഷ്യത്വത്തെ സംബന്ധിച്ച് അങ്ങ് സംസാരിച്ചപ്പോൾ എന്റെ കണ്ണുകളിൽനിന്ന് കണ്ണീരൊഴുകാൻ തുടങ്ങി.'

മാർബർഗിൽനിന്നുള്ള ഒരു സാഹിബ് പറയുന്നു: 'പ്രഭാഷണത്തിൽ ഇസ്ലാമിന്റെ മതസഹിഷ്ണുതയെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. മറ്റേതെങ്കിലും മതത്തിൽ ഇത്തരം അധ്യാപനമുണ്ടോ എന്നെനിക്കറിയില്ല. മറ്റുള്ള മതങ്ങളിൽ എല്ലാ ഓരോരുത്തരും അവരവരുടെ മതങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നവരാണ്. മറ്റു മതങ്ങളുമായി ബന്ധമുണ്ടാക്കാൻ പരിശ്രമിക്കുന്നില്ല.'

മാൽബർഗ് നഗരത്തിന്റെ ഒരു സർക്കാർ ഉദ്യോഗസ്ഥ പങ്കെടുത്തിരുന്നു.ക്രിസ്ത്യാനി എന്ന നിലയിൽ തനിക്ക് ഇസ്ലാം നൽകുന്ന അയൽവാസികളോടുള്ള കടമകൾ വളരെയധികം പ്രാധാന്യം വഹിക്കുന്നതായിരുന്നുവെന്ന് അവർ പറഞ്ഞു.

മേയറുടെ ഓഫീസിലെ ഒരു സ്റ്റാഫ് പറഞ്ഞു: 'ഏതൊരു കാര്യം കേൾക്കുന്നതിനാണോ ഞാൻ വന്നിരുന്നത്, ഞാൻ ആഗ്രഹിച്ചിരുന്നത് അതെല്ലാം ഇന്ന് വിവരിക്കപ്പെട്ടിരിക്കുന്നു.'

തന്റെ ആറര മണിക്ക് തനിക്ക് ഒരു അപ്പോയ്മെന്റുണ്ട്, ആ സമയമായാൽ താൻ പോകുന്നതായിരിക്കുമെന്ന് ഞാൻ അവിടെ എത്തുന്നതിനു മുമ്പേ വളരെ പ്രായമുള്ള ഒരു അതിഥി പറയുകയായിരുന്നു. പക്ഷേ, പരിപാടി തുടങ്ങിയപ്പോൾ ഹെഡ്ഫോൺ വെച്ചുകൊണ്ട് പ്രസംഗം കേട്ടുകൊണ്ടിരുന്നു. പിന്നീട് എന്റെ പ്രസംഗം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ പറഞ്ഞു സമയമായി ഞാൻ പോകാൻ പോകുകയാണ്. അങ്ങനെ ഹെഡ്ഫോൺ മാറ്റി അദ്ദേഹം എഴുന്നേറ്റു. പിന്നീട് അദ്ദേഹം ചിന്തിച്ചു. വീണ്ടും ഇരുന്നു കേൾക്കാൻ തുടങ്ങി. മുഴുവൻ പ്രസംഗം കേട്ടിട്ടാണ് അദ്ദേഹം പോയത്.

ചിലപ്പോൾ അങ്ങനേയും ഉണ്ടാകാറുണ്ട്. എന്നല്ല അധികപേരും അങ്ങനെയാണ്. നമ്മൾ കുറച്ച് ശ്രമിക്കുന്നു. പക്ഷേ അല്ലാഹു ബലാൽക്കാരമായി ചിലരെ സന്ദേശം കേൾപ്പിക്കാനാഗ്രഹിക്കുന്നു. അവരെ കേൾപ്പിക്കുന്നു. അവിടെ ധാരാളം ആളുകൾ അത്തരക്കാരായിരുന്നു. അതിന്റെ ഒന്നുരണ്ട് ഉദാഹരണങ്ങൾ ഞാൻ കേൾപ്പിക്കാം. ഫിൻലാന്റ് രാജ്യവുമായി ബന്ധപ്പെട്ട ഒരു സ്ത്രീ തന്റെ 9 വയസ്സുള്ള മകനുമായി ഈ പരിപാടിയിൽ പങ്കെടുത്തു. അവർ പറഞ്ഞു: 'ഞാൻ എന്റെ ചെറിയ കുട്ടിയേയും കൊണ്ടാണ് വന്നിട്ടുള്ളത്. എന്റെ ഹൃദയംഗമമായ ആഗ്രഹം അവന്റെ ചെവിയിൽ നിങ്ങളുടെ ശബ്ദവും കേൾക്കണമെന്നാണ്. നിങ്ങൾ അവതരിപ്പിക്കുന്ന അധ്യാപനങ്ങൾ കുറച്ച് പഠിക്കണമെന്നാണ്. നിങ്ങളെപോലുള്ള ദൈവത്തിന്റെ നല്ല മനുഷ്യരായിത്തീരണമെന്നാണ്.' പിന്നീട് പറയുന്നു: 'ഞാൻ പ്രസംഗത്തിൽ വളരെ ആകർഷിതയാണ്. എന്റെ പക്കൽ ഇതുതന്നെയാണ് സത്യമായ ഇസ്ലാം. മറ്റുള്ള മുസ്ലിംകളെല്ലാം ഇതിന്റെ പിന്നാലെ നടക്കേണ്ടതാണ്. പ്രത്യേകിച്ചും സഹിഷ്ണുതയേയും അയൽവാസികളോടുള്ള അവകാശങ്ങളേയും സംബന്ധിച്ച് ഇസ്ലാമിക വീക്ഷണങ്ങൾ സമർപ്പിക്കപ്പെട്ടപ്പോൾ അത് എന്നിൽ വളരെയധികം സ്വാധീനം ചെലുത്തി. നിങ്ങളുടെ ഈ സന്ദേശം ഈ അധ്യാപനങ്ങൾ ഒരിക്കലും

തെറ്റാകാൻ സാധ്യമല്ല.' എന്നിട്ട് പറഞ്ഞു: 'ഞാൻ ആഗ്രഹിക്കുന്നത് നിങ്ങളുടെ ജമാഅത്തിൽനിന്ന് ഏതെങ്കിലും ഇമാം അല്ലെങ്കിൽ വ്യക്തി എന്റെ ഈ 9 വയസ്സുള്ള മകനെ വിശുദ്ധഖുർആൻ പഠിപ്പിക്കണമെന്നാണ്. ഇവൻ വിശുദ്ധഖുർആൻ പഠിക്കണമെന്നും സൽപ്രകൃതക്കാരനാകണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ഇത്തരത്തിലുള്ള സ്വാധീനമാണ് അവർക്കുണ്ടായത്. ഇത് മാനുഷികമായ പ്രവർത്തനമാണോ? തീർച്ചയായും അല്ലാഹുവാണ് അവരുടെ താൽപര്യങ്ങളിൽ ഈ മാറ്റം ഉണ്ടാക്കിക്കൊണ്ടിരുന്നത്. ഇനി നമ്മുടെ ജോലിയാണ് ഇതിൽനിന്ന് ഫലമെടുക്കുക എന്നത്. ജനങ്ങളെ ദൈവത്തിന്റെ അടുക്കൽ കൊണ്ടുവരാൻ പരിശ്രമിക്കുക. അതുകൊണ്ട് അതിനുമുമ്പേ നമുക്ക് നമ്മളെത്തന്നെയും നോക്കേണ്ടതുണ്ട്. നമ്മളും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് മുമ്പത്തേക്കാളേറെ പരിശ്രമിക്കേണ്ടതാണ്.

പിന്നീടൊരു സ്ത്രീ പറഞ്ഞു: അയൽവാസികളെ കുറിച്ചുള്ള ഇസ്‌ലാമിന്റെ അധ്യാപനം എനിക്ക് വളരെ നന്നായി തോന്നി'. അവർ പറഞ്ഞു: ഹാ! നമ്മുടെ ഇവിടേയും അത്തരം അധ്യാപനം ഉണ്ടായിരുന്നെങ്കിൽ!' മറ്റൊരു സ്ത്രീ പറഞ്ഞു: 'സ്ത്രീകളുടെ അവകാശങ്ങളെ ഏതുരീതിയിലാണോ ജമാഅത്തിന്റെ ഇമാം വിവരിച്ചത് അത് അങ്ങേയറ്റം ശ്രേഷ്ഠമായിരുന്നു; സ്ത്രീകളുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്ന കൾച്ചറുള്ള സ്ഥലങ്ങളെ അപേക്ഷിച്ച്.

ഇത്തരത്തിലുള്ള നിരവധി അഭിപ്രായപ്രകടനങ്ങളുണ്ട്. അതിനിടയിൽനിന്ന് കുറച്ച് ഞാൻ എടുത്തതാണ്.

ഇപ്രകാരംതന്നെ പ്രസ്സ് മീഡിയായിൽ ഇക്കാര്യങ്ങളുടെ കവറേജുകളും ധാരാളമായിട്ടുണ്ടായി. മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ ഉദ്ഘാടനാവസരത്തിൽ ഒരു ടിവിചാനലും രണ്ട് പത്രങ്ങളും കവറേജ് നല്കി. നാഷണൽ ടിവി ചാനലാണ് കവറേജ് നല്കിയത്. അതിന്റെ പ്രേക്ഷകർ പ്രത്യേകിച്ചും ഇതിലെ വാർത്തകൾ കേൾക്കുന്നവർ 22, 23 ലക്ഷമാണ്.

ഇപ്രകാരംതന്നെ ആഗസ്ബർഗിലെ ബൈത്തുന്നസീർ മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ മൂന്ന് ടെലിവിഷൻ ചാനൽക്കാരും നാല് റേഡിയോനിലയക്കാരും പതിനെട്ട് പത്രങ്ങളും കവറേജ് നൽകി. ഇത് വലിയ നഗരമാണ്. ഈ റേഡിയോ ചാനലുകളും പത്രങ്ങളും മുഖേന മൂന്ന് കോടിയിലേറെ ജനങ്ങൾവരെ മസ്ജിദിന്റെ ഉദ്ഘാടനത്തെ സംബന്ധിച്ചുള്ള വാർത്തകളെത്തി. ഇസ്‌ലാമിന്റെ സന്ദേശമെത്തി.

പിന്നീട് ജർമനിയിലെ രണ്ട് പട്ടണം റൗൺഹേമിലും(Raunheim) മാർബർഗിലും മസ്ജിദുകളുടെ ശിലാസ്ഥാപനകർമ്മങ്ങൾ നടന്നു. ഇവിടേയും ടിവി ചാനലും 22 പത്രങ്ങളും കവറേജ് നൽകി. ടിവി ചാനലും പത്രങ്ങളും മുഖേന ഈ മസ്ജിദുകളുടെ ശിലാസ്ഥാപനകർമങ്ങളുടെ വാർത്ത ഏകദേശം 2 കോടിയോളം ആളുകളിൽവരെ എത്തുകയുണ്ടായി. മസ്ജിദുകളുടെ പൊതുവായ നിലയിലുള്ള മാധ്യമകവറേജുകളിൽ വിവിധ ടിവി, റേഡിയോ ചാനലുകൾ, പത്രങ്ങൾ മുഖേന -അവരുടെ എണ്ണം 54 ആണ്- 136 വാർത്തകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. മാധ്യമങ്ങളുടെ ഈ വാർത്തകൾ മുഖേന ഏകദേശ കണക്കനുസരിച്ച് 39 മില്യൺ ആളുകൾവരെ സന്ദേശമെത്തി.

അല്ലാഹുവിന്റെ കൃപയാൽ ജർമനി ജമാഅത്തിന്റെ തബ്‌ലീഗ് വകുപ്പ് വളരെ പ്രവർത്തനനിരതമാണ്. മറ്റു സംഘടനകളും വർഷം മുഴുവനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വളരെ നല്ല ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു. അവരുടെ സന്ദേശം ഓരോ നടപ്പുവർഷവും എത്തിക്കൊണ്ടിരിക്കുകയാണ്. അതും അല്ലാഹുവിന്റെ കൃപയാൽ മില്യൺ കണക്കിനാണ്. ഇക്കാരണത്താൽ അവിടെ എതിർപ്പും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. പ്രത്യേകിച്ചും കിഴക്കൻ ജർമനിയിൽ എതിർപ്പ് വർധിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഇനെയൊക്കെയാണെങ്കിലും സന്ദേശം എത്തിച്ചുകൊടുക്കേണ്ടതാണ്. ആ ജോലി തുടർന്നുകൊണ്ടിരിക്കേണ്ടതാണ്. ഇൻശാ അല്ലാഹ്.

ഞാൻ പര്യടനത്തിനുപോകുമ്പോൾ ഏതു രാജ്യത്താണോ പോകുന്നത് ആ രാജ്യത്തിന്റെ അവസ്ഥകളും കുറച്ചൊക്കെ വിവരിക്കാറുണ്ട്. പക്ഷേ, ഇവിടെ യു.കെ.യിലും അല്ലാഹുവിന്റെ കൃപയാൽ വളരെ നല്ല പ്രവർത്തനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ പ്രത്യേകമായ നിലയിൽ പര്യടനങ്ങളൊന്നും നടക്കാറില്ല. അതുകൊണ്ട് അതൊന്നും വിവരിക്കപ്പെടാറുമില്ല. അതുകൊണ്ട് ഇവിടെ പരിപാടികളൊന്നും നടക്കുന്നില്ലെന്ന് ആരെങ്കിലും കരുതിയേക്കാം. ഇവിടേയും വിശാലമായ നിലയിൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പ്രചരിപ്പിക്കുന്നതിനുള്ള ജോലികൾ നടക്കുന്നുണ്ട്. വിവിധ സംഘടനകളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ കൃപയാൽ ജമാഅത്തിന്റെ തബ്‌ലീഗ് വകുപ്പും പ്രവർത്തിച്ചുവരുന്നു.'

പ്രത്യേകിച്ചും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നബി(സ)തിരുമേനിയുടെ ജീവിത ചരിത്രമടങ്ങിയ ഇംഗ്ലീഷിലുള്ള ലൈഫ് ഓഫ് മുഹമ്മദ് എന്ന ഗ്രന്ഥം ഏറ്റവും കൂടുതൽ വിതരണം ചെയ്യപ്പെട്ടിട്ടുള്ളത് ഇവിടെയാണെന്ന് തോന്നുന്നു. കൂടുതൽ ആളുകൾവരെ അതെത്തി. അതിൽ അൻസ്വാറുല്ലാഹ് വലിയ ജോലിയാണ് ചെയ്തത്. ഇപ്രകാരംതന്നെ അല്ലാഹുവിന്റെ കൃപയാൽ മറ്റു ഗ്രന്ഥങ്ങളും ഇവിടെ വളരെ വിശാലമായ നിലയിൽ വിതരണം ചെയ്യപ്പെട്ടു. ജമാഅത്ത് പരിചയപ്പെടുത്തപ്പെട്ടു. എന്നല്ല ഇവിടെ നടക്കുന്ന ജമാഅത്തിന്റെ വിവിധ കേന്ദ്ര പരിപാടികൾ മുഖേനയും ലോകത്ത് ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇവിടത്തെ അഹ്മദി, യുകെയിലെ അഹ്മദി മറ്റുള്ള ലോകപരിപാടികൾ അല്ലെങ്കിൽ അഭിവൃദ്ധികൾ അഭിമാനദൃഷ്ടിയോടെ നോക്കിക്കാണുന്നു. പക്ഷേ, നിങ്ങൾ വിചാരിക്കരുത് ഇവിടെ ഒരു ജോലിയും നടക്കുന്നില്ലായെന്ന്. ചില ചെറുപ്പക്കാർ പരിപാടികളിൽ അത്രയധികം പങ്കെടുക്കാറില്ല. അവർ വിചാരിക്കുന്നത് ഇവിടെ നമ്മൾ വളരെ പിന്നിലാണെന്നാണ്. അങ്ങനെയല്ല. ദൈവകൃപയാൽ ഇവിടെയും നല്ല പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നുണ്ട്.

'ഉദാഹരണത്തിന് കഴിഞ്ഞ മാർച്ച് മാസത്തിൽ ഇവിടെ പീസ് കോൺഫ്രൻസ് സംഘടിപ്പിക്കുകയുണ്ടായി. അതിലും വളരെ വിശാലമായ നിലയിൽ യു.കെ.യിൽ മാത്രമല്ല ലോകം മുഴുവൻ ഇസ്‌ലാമിന്റെ സന്ദേശമെത്തി.

ഇവിടെ ഞാൻ മനസ്സിലാക്കുന്നത് അവരുടേയും ചില പ്രതികരണങ്ങൾ പറയണമെന്നാണ്. കാരണം അതിനെക്കുറിച്ച് ഒരിക്കലും പറഞ്ഞിട്ടില്ല.

ഒരു ചർച്ചിന്റെ വാർഡൻ പീസ് സിമ്പോസിയത്തിൽ പങ്കെടുക്കാൻ എത്തിയിരുന്നു. അവർ പറഞ്ഞു:"വളരെ താൽപര്യമുളവാക്കുന്നതും ശക്തവുമായ സന്ദേശമായിരുന്നു നലക്പ്പെട്ടത്. അത് ഐക്യത്തിന്റെ സന്ദേശമായിരുന്നു. ഇന്നത്തെ സമൂഹത്തിന് അതിന്റെ ആവശ്യമുണ്ട്. വിശുദ്ധ ഖുർആനിലെ ഒരു വാക്യമുദ്ധരിച്ചുകൊണ്ട് ജമാഅത്തിന്റെ ഇമാം വിവരിച്ച എല്ലാവർക്കും യോജിച്ചുപോകാവുന്നതായ വിഷയങ്ങളിൽ പരസ്പരം ഒന്നിക്കേണ്ടതാണെന്ന കാര്യവും എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അഞ്ചുനേര ആരാധന നിർബന്ധമാണെന്നും പക്ഷേ, അതിനോടൊപ്പം സൃഷ്ടിസേവനം ചെയ്യുന്നില്ലെങ്കിൽ ഒരു ഫലവുമുണ്ടാകുകയില്ലെന്നുമുള്ള ആരാധനയുടെ പൊരുളും എനിക്ക് ഏറെ ഇഷ്ടപ്പെട്ടു."

ഒരു നേഴ്സ് ഫയോന സാഹിബ പങ്കെടുത്തിരുന്നു. അവർ പറയുന്നു:"ശരിയായ നിലയിൽ മനസ്സിലാക്കപ്പെടാത്ത ഒരു മതമാണ് ഇസ്‌ലാമെന്ന് ജമാഅത്തിന്റെ ഇമാം കാണിച്ചു. ഭീകരവാദികൾ തെറ്റായ നിലയിൽ ഇസ്‌ലാമിന്റെ പിന്നിൽ മറഞ്ഞിരിക്കുന്നു. അദ്ദേഹം തന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ ലണ്ടനിലുണ്ടായ ഭീകര പ്രവർത്തനത്തിന്റെ സംഭവത്തെ അപലപിച്ചതും ഈ ആക്രമണത്തിന് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ലെന്ന് വ്യക്തമാക്കുകയും ചെയ്തത് എനിക്ക് ഇക്കാര്യവും വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹം ചോദ്യം ചോദിക്കുക മാത്രമല്ല ചെയ്തത്. മറിച്ച് അതിനുള്ള പരിഹാരവും സമർപ്പിച്ചു. ഉദാഹരണത്തിന് അദ്ദേഹം ആയുധക്കച്ചവടത്തെ സംബന്ധിച്ച് പറയുകയുണ്ടായി. നമുക്ക് പരസ്പരം അങ്ങോട്ടുമിങ്ങോട്ടും ആദരിച്ചുകൊണ്ട് മറ്റുള്ളവരുടെ സംസാരം കേൾക്കേണ്ടതാണെന്നും പറയുകയുണ്ടായി.'

ഒരു സാഹിബ് വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: കഴിഞ്ഞദിവസം വെസ്റ്റ് മിനിസ്റ്ററിൽ ഭീകരവാദികളുടെ സംഭവമുണ്ടായതിന്റെ കാരണം ഇസ്‌ലാമല്ലെന്ന് ഇന്ന് എനിക്ക് മനസ്സിലായി. അതൊരു വ്യക്തിയുടെ തെറ്റായിരുന്നു. അവൻ ഒരു സമാധാനകാംക്ഷിയായ മതത്തിന്റെ പിന്നിൽ മറഞ്ഞിരിക്കുകയായിരുന്നു. ആ ഭീകരവാദി ഒരു ഭ്രാന്തനായിരുന്നുവെന്ന് എന്നിൽ സ്ഥാപിക്കപ്പെട്ടു. അയാൾ യഥാർഥ മുസൽമാനല്ലെന്ന്.' പിന്നീട് പറയുന്നു: 'നിങ്ങളുടെ ഖലീഫ അങ്ങേയറ്റം വ്യക്തമായ നിലയിൽ പറഞ്ഞു, എല്ലാത്തരത്തിലുള്ള ഭീകരപ്രവർത്തനങ്ങളും തെറ്റാണ്. വിശുദ്ധഖുർആന്റെ വചനങ്ങൾ മുഖേന ഇക്കാര്യം അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. ഇന്നത്തെ ലോകത്തിന്റെമേൽ മാത്രം ദൃഷ്ടിപതിപ്പിച്ചാൽ പോരാ, മറിച്ച് നാളേയും കാണേണ്ടതുണ്ട് എന്ന് അദ്ദേഹം പറഞ്ഞത് എനിക്ക് വളരെ നന്നായി തോന്നി. നമ്മൾ നമ്മളെ വേർതിരിക്കുന്ന ഭിത്തികളുണ്ടാക്കാൻ പാടില്ല. മറിച്ച് നമ്മളെ ബന്ധിപ്പിക്കുന്ന പാലമായിത്തീരണം എന്നും അദ്ദേഹം പറഞ്ഞു.'

ഒരു ജി.പി.യും ചർച്ചിന്റെ ലീഡറും വന്നിരുന്നു. അദ്ദേഹം പറയുന്നു:'പ്രസംഗം ഞാൻ കേട്ടു. വഴി കാണിക്കുന്ന ഒരു വെളിച്ചംപോലെയായിരുന്നു അത്. ഇസ്‌ലാം സമാധാനത്തിന്റെ മഹത്തായ മതമാണെന്ന് അതു കാണിച്ചു.' വീണ്ടും പറയുന്നു: 'ചർച്ചകൾ വർധിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള സന്ദേശം വളരെ നന്നായിരുന്നു. അത് തികച്ചും ശരിയാണ്. ശത്രുത വർധിക്കുന്നതിനു പകരം നമുക്ക് പരസ്പരമുള്ള വിവിധ ചിന്താഗതികൾ സഹിക്കേണ്ടതാണ്.' അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. ഇന്നത്തെ ലോകത്ത് സഹനം കുറഞ്ഞുകൊണ്ടുപോകുകയാണ്.

ഒരു കമ്പനിയുടെ ഡയറക്ടർ സാഹിബ പറയുന്നു: 'ഞാൻ ഒരിക്കൽ നിങ്ങളുടെ നാലാം ഖലീഫയെ കണ്ടിരുന്നു. അതുകൊണ്ട് നിങ്ങളുടെ ജമാഅത്തിനെ സംബന്ധിച്ച് കുറച്ച് അറിവുണ്ട്. ഇന്നും ഞാൻ ഖലീഫയെ കണ്ടു. ഇന്ന് പ്രസംഗം ഞാൻ കേട്ടു. അതിന്റെ ആവശ്യമുണ്ട്. കാരണം അദ്ദേഹം നമ്മോട് പറഞ്ഞു. എല്ലാ കാര്യത്തിന്റേയും ആക്ഷേപം ഇസ്‌ലാമിന്റേയും മുസ്‌ലിമിന്റേയുംമേൽ ഇടരുത്. ഇന്നത്തെ ലോകത്ത് ഒരുപാട് പ്രശ്നങ്ങൾ നമ്മുടെ അതായത് പാശ്ചാത്യരാഷ്ട്രങ്ങൾ സ്വയം ഉണ്ടാക്കിയിട്ടുള്ളതാണ്. ആയുധവ്യാപാരത്തെ സംബന്ധിച്ചുള്ള ഖലീഫ പറഞ്ഞ കാര്യങ്ങൾ എനിക്കു വളരെ ഇഷ്ടപ്പെട്ടു. ഇത് എങ്ങനെയുള്ള കാര്യമാണെന്നാൽ അവിടെ എത്തി നമ്മുടെ സൽസ്വഭാവം അവസാനിച്ചുപോകുകയും ബിസിനസിന്റെ നേട്ടങ്ങൾക്ക് മുൻഗണന നല്കുകയും ചെയ്യുന്നു." വീണ്ടും അവർ പറയുന്നു: 'നമ്മുടെ സർക്കാർ ഈ കാര്യം നോട്ടു ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ലോകത്തിന്റെ ഭാവിയെ സംബന്ധിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ വാക്കുകളും അദ്ദേഹത്തിന്റെ പ്രാർഥനയും കേട്ട് ഞാൻ വികാരനിർഭരയായിപ്പോയിരുന്നു. അതായത് നമ്മൾ സമൂഹത്തിൽ നല്ലൊരു ലോകമാണ് ഉപേക്ഷിച്ചുപോകേണ്ടതെന്ന്." ഇതിനോടൊപ്പം നമ്മൾ നമ്മുടെ പിന്നിൽ വൈകല്യമുള്ള കുട്ടികളുടെലോകം ഉപേക്ഷിച്ചുപോകുമോ എന്നോർത്ത് അവർ ചിന്താകുലയുമായിരുന്നു.

ഇവിടെ ജമാഅത്തിനോടും പറയട്ടെ. ഈയിടെയായി ലോകത്തിന്റെ അവസ്ഥകൾ അങ്ങേയറ്റം വഷളായിക്കൊണ്ടിരിക്കുകയാണ്. ധാരാളം ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. വൻശക്തികളിലും ചെറുരാജ്യങ്ങളിലും യുദ്ധപരമായ ഉന്മാദം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആഗോളയുദ്ധം അകലെയാണെന്ന് മനസ്സിലാക്കിയിരുന്ന വലിയ ബുദ്ധികൂർമതയുള്ളവരും അവരുടെ ലീഡർമാരും രാഷ്ട്രീയ നേതാക്കളും നിരൂപകന്മാരും യുദ്ധസാധ്യത തള്ളിക്കളയാനാവില്ലന്ന് ഇപ്പോൾ പറയാൻ തുടങ്ങിയിരിക്കുന്നു. യുദ്ധമുണ്ടാകാൻ കൂടുതൽ സാധ്യതയാണുള്ളതെന്ന് പറയുന്നു. അമേരിക്കയും കൊറിയയുമായി ഈയിടെ നടന്നുവരുന്ന പ്രശ്നങ്ങൾ എങ്ങനെയെങ്കിലും പരിഹരിക്കാൻ ചൈന ഇപ്പോൾ മുൻകൈ എടുത്തു വരികയാണ്. ഇക്കൂട്ടർ പരസ്പരം ആണവയുദ്ധ ഭീഷണി മുഴക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരംതന്നെ മുസ്‌ലിം

നേതാക്കളും അക്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇവിടെ ബ്ലോക്ക് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. യുദ്ധമൈതാനം വിശാലമാകുകയാണ്. അല്ലാഹു അവർക്ക് സൽബുദ്ധി നല്കുമാറാകട്ടെ എന്ന് ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ഇപ്രകാരംതന്നെ ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) ഒരിക്കൽ ആണവയുദ്ധത്തെ പ്രതിരോധിക്കുന്നതിനുവേണ്ടി ഒരു ഹോമിയോപ്പതി കുറിപ്പടിയും പറഞ്ഞു തന്നിരുന്നു. അത് ജമാഅത്ത് ഇപ്പോൾ ആറാഴ്ച ഉപയോഗിക്കേണ്ടതാണ്. ഒരിക്കൽ ഒരു മരുന്ന്, പിന്നീട് രണ്ടാമത്തെ മരുന്ന്. അതിന്റെ വിളംബരമുണ്ടാകുന്നതാണ്; Carcinosin CM, Radium Brom CM.

ഇപ്രകാരംതന്നെ മറ്റൊരു അവലോകനവും ഇവിടെ പറയുകയാണ്.

പോർച്ചുഗല്ലി(Portugal)ലെ ഒരു പ്രൊഫസർ ഡോക്ടർ പോളോമോ റൈസ്(Paulo Morais) പറയുന്നു: "ഇന്ന് നിങ്ങൾ പറഞ്ഞ കാര്യങ്ങൾ കേട്ടതിൽനിന്നും 'ഇൻസ്വാഫ്, അമൻ' സമാനാർഥ പദങ്ങളാണെന്ന് സ്ഥാപിതമായി; നീതി, സമാധാനം. ഒരേയൊരു ഉദ്ദേശ്യമാണ് ഇവയുടേത്. ഒന്നുകൂടാതെ രണ്ടാമത്തേത് കരസ്ഥമാക്കാൻ സാധ്യമല്ല." അദ്ദേഹം പറയുന്നു: "ലോകത്ത് നീതിയുടെ കുറവുണ്ട്. അതിനാൽ സമാധാനമില്ല. മുസ്‌ലിംകളെ ഭീകരവാദത്തിന്റേയും യുദ്ധത്തിന്റേയും ഉത്തരവാദികൾ എന്നു പറയാൻ പറ്റില്ല. എന്നല്ല നമുക്ക് അതിന്റെ അടിവേരുവരെ എത്തേണ്ടതുണ്ട്. അതായത് ലോകത്ത് നീതിയുടെ കുറവുണ്ട്. ജമാഅത്തിന്റെ ഇമാം ഇസ്‌ലാമോഫോബിയായ കുറിച്ച് സംസാരിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. കാരണം ആളുകൾ അതിനെ അവഗണിച്ചിരിക്കുകയാണ്. പക്ഷേ അതിൽ വർധനയുണ്ടായിക്കൊണ്ടിരിക്കുന്നു. അങ്ങ് പറഞ്ഞ ഈ കാര്യവും ശരിയാണ്. നമ്മൾ അഗ്നിയുടെമേൽ പെട്രോൾ തളിക്കാൻ പാടില്ല. പരസ്പരം ബഹുമാനിക്കേണ്ടതാണ്. ആദരിക്കേണ്ടതാണ്. പരിഹസിക്കരുത്.

ഇപ്രകാരംതന്നെ പോർട്ടുഗല്ലിൽ കത്തോലിക്കൻ യൂനിവേഴ്സിറ്റിയിലെ ഒരു പ്രൊഫസർ ഡോക്ടറുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: 'എനിക്ക് ഇഷ്ടപ്പെട്ട കാര്യം ഖലീഫയുടെ വാക്കുകൾ തെളിവുകളുൾക്കൊള്ളുന്നതായിരുന്നുഎന്നതാണ്.അദ്ദേഹംവിശുദ്ധ ഖുർആന്റെ ആയത്തുകൾ കൊണ്ട് കാണിച്ചത് ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്നാണ്. അദ്ദേഹം ഭൗതികമായ ഉദ്ധരണികൾകൊണ്ടും എല്ലാ ചീത്തവസ്തുക്കളും ഇസ്‌ലാമിന്റേതാണെന്ന് പറയാൻ പാടില്ല എന്നും പറഞ്ഞു. ഇക്കാര്യവും നന്നായി തോന്നി. നമ്മൾ ഇന്നത്തോടൊപ്പം നാളേയുടെമേലും ദൃഷ്ടി പതിക്കേണ്ടതാണ്.

ഒരു രാഷ്ട്രീയക്കാരൻ പറഞ്ഞു: 'അനുശോചന പ്രകടനം വളരെ ആത്മാർഥമായിരുന്നു.' പിന്നീട് അദ്ദേഹം പറഞ്ഞു: 'യുദ്ധം ഉറപ്പായി വരുന്നതുപോലെ കാണുന്നു.' അദ്ദേഹം പറയുന്നു: 'കുറഞ്ഞപക്ഷം ആഗോളയുദ്ധത്തെ ഇല്ലാതാക്കാൻ സാധിക്കുമെന്ന് ഞാൻ പൂർണമായും പ്രതീക്ഷിക്കുകയാണ്; നമ്മൾ കഴിഞ്ഞ 70 വർഷമായി അതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ഇതിനോട് യോജിക്കുന്നു. യുദ്ധം ആരംഭിച്ചാൽ അതിൽ പങ്കെടുക്കുന്നതിൽനിന്ന് രക്ഷപ്പെടുക അസാധ്യമാണ്. നമുക്ക് ആഗോളബന്ധങ്ങളിൽ നീതി സ്ഥാപിക്കേണ്ട ആവശ്യമുണ്ട്. ഈ സന്ദേശമാണ് ഞാൻ എടുത്തുകൊണ്ടുപോകുന്നത്.'

ഈ ചില ഉദ്ധരണികളാണ് ഞാൻ സമർപ്പിച്ചത്. ഈ പരിപാടിയിലും ഏകദേശം 600ൽ ഏറെ ആളുകൾ വന്നിട്ടുണ്ടായിരുന്നു. എല്ലാവരുടേയും അഭിപ്രായപ്രകടനങ്ങൾ നല്ലതായിരുന്നു. മാധ്യമങ്ങൾ കവറേജും നൽകി. ബിബിസി ഏഷ്യൻ നെറ്റ് വർക്ക്, ന്യൂസ് സ്റ്റേറ്റ്മാൻ മാഗസിൻ, എൻ.എച്ച് ജാപ്പാന്റെ ബ്രോഡ്കാസ്റ്റിൻ കോർപ്പറേഷൻ സൺഡേ ടൈം, എ.ബി.സി. അർജന്റീനയുടെ മാധ്യമമാണ്. ഇ.ആർ.ടി ടെലിവിഷൻ ഗ്രേസിന്റേതാണ്. 365 ഐസ്‌ലാന്റിന്റെ ഒരു നാഷണൽ ന്യൂസ്പേപ്പറാണ്. സൗത്ത് വെസ്റ്റ് ലണ്ടൻ ടെലിവിഷൻ, സ്പുട്നിക് ഇന്റർനാഷണൽ ഇത് കൂടാതേയും 20-21നടുത്ത് വേറെയും പ്രസ്സുകാരുണ്ടായിരുന്നു. ഇതിനു പുറമെ ഇതിൽ ഫ്രീലാന്റ് ജേർണലിസ്റ്റുമുണ്ടായിരുന്നു. മറ്റ് രാജ്യക്കാരുടെ പ്രതിനിധികളും വന്നിരുന്നു. അവരും വാർത്തകൾ നൽകി. അതിൽ ആസ്ട്രിയായുടെ നാഷണൽ ടിവിയുമുണ്ടായിരുന്നു. അവർ 8 മിനിറ്റ് റിപ്പോർട്ടുകൾ നൽകി. പിന്നീട് ഗ്രീസിലെ നാഷണൽ ടിവിയുണ്ടായിരുന്നു. അവരും ന്യൂസ് റിപ്പോർട്ട് നൽകി. ഐസ്‌ലാന്റിന്റെ ന്യൂസ്പേപ്പർ, വാർത്തകൾ പ്രസിദ്ധീകരിച്ചു. ഇന്ത്യാടുഡേയിൽ ടിവി റിപ്പോർട്ട് വന്നു. പിന്നീട് ഇറ്റലി ന്യൂസ്പേപ്പർ അത് പ്രസിദ്ധീകരിച്ചു. അർജന്റീന നാഷണൽന്യൂസ്പേപ്പർ വാർത്തകൾ പ്രസിദ്ധീകരിച്ചു. ലാറ്റിൻ അമേരിക്കൻ ന്യൂസ്പേപ്പർ കനഡ വാർത്ത പ്രസിദ്ധീകരിച്ചു. സ്പെയിനിലെ രണ്ട് പത്രങ്ങൾ വാർത്തകൾ പ്രസിദ്ധീകരിച്ചു. ഇപ്രകാരം പോർട്ടുഗല്ലിലും വാർത്ത വന്നു. ഇങ്ങനെ ഏകദേശം 9 മില്യണിൽ അധികം ഈ സന്ദേശവും പുറം രാജ്യങ്ങളിൽ പ്രചരിപ്പിക്കുകയുണ്ടായി. അങ്ങനെ വിശാലമായനിലയിൽ ഇവിടത്തെ പീസ് സിംപോസിത്തിന്റെ പബ്ലിസിറ്റിയുണ്ടായി. ഇതിലൂടെ ഇസ്‌ലാമിന്റെ അധ്യാപനം ലോകത്തിന് മനസ്സിലാക്കാൻ കഴിഞ്ഞു.

സോഷ്യൽ മീഡിയ മുഖേനയും 3.8 മില്യൺന്റെ കവറേജുണ്ടായി. ഏകദേശം പത്ത് പതിനൊന്നിടുത്ത് വിദേശ പ്രതിനിധികളും പങ്കെടുത്തിരുന്നു.

എപ്രകാരം ജമാഅത്തിന്റെ സന്ദേശം വ്യാപിച്ചുകൊണ്ടിരിക്കുന്നുവോ അതേപ്രകാരംതന്നെ നമുക്കെതിരിലുള്ള എതിർപ്പും വർധിച്ചുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ചും മുസ്‌ലിം രാഷ്ട്രങ്ങളിൽ എതിർപ്പ് വർധിച്ചുകൊണ്ടിരിക്കുകയാണ്. അൽജീരിയായിൽ കഴിഞ്ഞ കുറച്ചു മാസങ്ങളായി ശക്തമായ എതിർപ്പ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് വർധിച്ചുകൊണ്ടേ പോകുകയാണ്. അവർക്കുവേണ്ടി ദുആ ചെയ്യാനും ഞാൻ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. അൾജീരിയായിൽ 24-ാം തിയ്യതി അവരുടെ ഒരു വലിയ സെമിനാറുണ്ടായിരുന്നു. അവിടത്തെ ഔഖാഫിന്റെ മന്ത്രി ഒരു മുൻ നിയമജ്ഞനായിരുന്നു. അദ്ദേഹം പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ നിലപാട് നൽകിയാൽ ഞാൻ ഈ മജ്‌ലിസിൽ-സെമിനാറിൽ പ്രസിഡണ്ടിന് അത് സമർപ്പിക്കുന്നതാണ്. ഒന്നാമത്തെ കാര്യം എന്താണെന്നാൽ അവർ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് അറിയുന്നതിനുവേണ്ടിയാണ് സെമിനാർ അവതരിപ്പിച്ചത്. പിന്നീട് അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് തങ്ങൾക്കറിയില്ലെന്ന് അവർ പറഞ്ഞു. അഹ്മദിയ്യാ ജമാഅത്തിനെതിരിൽതന്നെയാണ് അവിടെ പ്രസംഗങ്ങൾ നടന്നത്. ഖാദിയാനിയ്യത്ത് ബ്രിട്ടീഷുകാർ നട്ട ചെടി എന്ന ശീർഷകത്തിലായിരുന്നു അത്. അതായത് ആ പഴയ വളിച്ചുപുളിച്ച ആക്ഷേപം തന്നെയാണ് ഇവർ നമ്മുടെമേൽ ഉന്നയിച്ചത്. നമ്മുടെ നിലപാട് എന്തായിരുന്നുവെന്ന് അതവർ വായിച്ചുകേൾപ്പിച്ചില്ല. നമ്മുടെ നിലപാട് അവതരിപ്പിച്ച ആളോട് പറയപ്പെട്ടത് താങ്കൾ വളരെ വലിയ ബുദ്ധിമാനായിരുന്നു എന്നാണ്. ആദ്യം ജമാഅത്തിന്നെതിരിൽ സംസാരിച്ചുകൊണ്ടിരുന്നു. ഇപ്പോൾ എന്തിനാണ് ജമാഅത്തിന് അനുകൂലമായി സംസാരിക്കുന്നത്? എന്തായാലും അയാളോട് വിദേശീയരായ പ്രസ്സുകാർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, അല്ല, അല്ല. അഹ്മദിയ്യാ ജമാഅത്തിനെ തങ്ങൾ വളരെ നല്ലവരായി മനസ്സിലാക്കുന്നുവെന്നും അവർ മുസ്‌ലിംകളാണെന്നും അവരുടെമേൽ ഒരു അക്രമവും നടക്കുന്നില്ലെന്നുമാണ്. രാജ്യത്തിന്നെതിരിൽ സംസാരിക്കുന്ന കുറച്ചാളുകൾ അവർക്കെതിരിൽ പ്രവർത്തിച്ചിരുന്നു, തങ്ങൾ അവർക്കെതരിൽ നടപടിയുമെടുത്തിട്ടുണ്ട് എന്നായിരുന്നു. പക്ഷേ, തങ്ങളുടെ പ്രസ്സുകാർ മുന്നിൽ വന്നപ്പോൾ അഹ്മദിമുസ്‌ലിമല്ലെന്ന് പറയാൻ തുടങ്ങി. ഇത് ഗൂഢാലോചനയാണെന്ന് പറയാൻ തുടങ്ങി. ഇവർ ഐസ്.ഐസുമായി ചേർന്നവരാണെന്ന് പറയാൻ തുടങ്ങി. സലഫികൾ കാരണത്താൽ ഈ എതിർപ്പ് ഒരു ഭാഗത്ത് വർധിച്ചുകൊണ്ടുപോകുകയാണ്. ഇത് എന്തായാലും നടക്കേണ്ടതായിരുന്നു. അവിടെയുള്ളവർ പറയുന്നത് ഇക്കാരണത്താൽ അൾജീരിയായിലും ജമാഅത്തിന്റെ തബ്‌ലീഗ് വിശാലമായരീതിയിൽ ഉണ്ടായി എന്നാണ്. ചിലയാളുകൾ ജമാഅത്തിനെക്കുറിച്ചറിയാൻ ആ ഗ്രഹിക്കുന്നു. നമുക്ക് സന്ദേശമെത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ എതിരാളികൾ അത് എത്തിച്ചുകൊണ്ടിരിക്കുന്നു.

എന്തായാലും ഒരു ഭാഗത്ത് ലോകം ഇസ്‌ലാമിന്റെ സന്ദേശത്തിൽ ആകർഷിതരായിക്കൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുമതക്കാരും അവരിൽനിന്ന് പഠിക്കണമെന്നുള്ള പ്രകടനങ്ങളും നടന്നുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് മുസ്‌ലിംരാഷ്ട്രങ്ങളാണ്. അവർക്ക് എതിർപ്പുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്തായാലും ഞാൻ മുമ്പേ പറഞ്ഞതുപോലെ ഈയിടെയായി അൾജീരിയായിൽ നമുക്കെതിരിലുള്ള പ്രവർത്തനം കൂടിവരികയാണ്.

അൽജീരിയായിലെ അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യുക. പാക്കിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അഹ്മദിയ്യത്തിന്നെതിരിൽ ഏതെല്ലാം രാഷ്ട്രങ്ങളിലാണോ എതിർപ്പിന്റെ ആവേശം കൂടുതൽ തിളച്ചുപൊന്തുന്നത് അവർക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാവരേയും അവന്റെ കാവലിൽ വെക്കുമാറാകട്ടെ. പ്രത്യേകിച്ചും അൽജീരിയായിലെ അഹ്മദികളെ. അവർ കൂടുതൽ പഴക്കമുള്ള അഹ്മദികളല്ല. അല്ലാഹു അവരുടെ ചുവടുകൾ ഉറപ്പിച്ചു നിറുത്തുമാറാകട്ടെ. അവരുടെ പ്രയാസങ്ങൾ അകറ്റുമാറാകട്ടെ.

## 123-ാമത് ജൽസസാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആല ബിനസ്‌രിഹിൽ അസീസ് 123-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 01 June 2017 Issue-22

**MANAGER**
**NAWAB AHMAD**
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION** Rs.300/-

# കനഡയിലെ വാണിൽ പീസ് സിംബോസിയം സംഘടിപ്പിച്ചു.

## അമീറുൽ മുഅ്മിനീന്റെ അനുഗൃഹീതമായ സാന്നിധ്യവും പ്രൗഢഗംഭീരമായ പ്രഭാഷണവും. വാണിലെ മേയർ Maurizio Bevilacqua, മുൻപാർലമെന്റംഗം ഡേബ്ര റഷോൽട്ട്, വാൺ സിറ്റിയുടെ എഫേർട്ടി കൗൺസിലർ മെരിലൻ തുടങ്ങിയവരുടെ പ്രസംഗങ്ങൾ.

2016 ഒക്ടോബർ 22 (ശനിയാഴ്ച): ഇന്ന് ഐവാനെ താഹിറിൽ (താഹിർ സത്രം) പീസ് സിംബോസിയം പരിപാടിയായിരുന്നു. 5.10ന് അമീറുൽ മുഅ്മിനീൻ ഐവാനെ താഹിറിലെ മീറ്റിംഗ് റൂമിൽ എത്തി. അവിടെ ഈ സിംബോസിയത്തിൽ പങ്കെടുക്കുന്നതിന് എത്തിയ അതിഥികളിൽ വാൺ സിറ്റിയുടെ മേയർ Maurizio Bevilacqua, പാർലിമെന്റംഗം D e b Schulte സാഹിബ്, വാൺ(Vaughan) സിറ്റിയുടെ കൗൺസിലർ Marilyn Iafrate എന്നിവർ ഹുദൂർ അൻവറിന്റെ ആഗമനവും കൂടിക്കാഴ്ചയും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് അതിഥികളെ പരിചയപ്പെട്ടും അവരുടെ സുഖവിവരങ്ങൾ തിരക്കുകയും ചെയ്തു. ഹുദൂർ അൻവർ, പാർലമെന്റംഗം D e b Schulte സാഹിബിനെ ലണ്ടനിൽ വരാൻ ക്ഷണിച്ചു. ഇദ്ദേഹം 22 വർഷം പാർലമെന്റംഗമായിരുന്നു. പാർലമെന്റ് ഹിൽ പരിപാടിയിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. ജമാഅത്തിന്റെ സംഘാടകരിൽനിന്ന് അദ്ദേഹത്തിന് ക്ഷണം കിട്ടിയിരുന്നില്ല.

ഹുദൂർ അൻവർ എത്തുന്നതിനു മുമ്പേ അതിഥികളെ കൊണ്ട് ഹാൾ നിറഞ്ഞിരുന്നു. ഇന്നത്തെ ഈ പീസ് സിംബോസിയത്തിൽ ജമാഅത്തിന് വെളിയിൽനിന്ന് 614 അതിഥികൾ പങ്കെടുത്തിരുന്നു. ഇവരിൽ വിവിധ പ്രദേശങ്ങളിൽനിന്നുള്ള മേയർമാരും കൗൺസിലർമാരും പത്രപ്രതിനിധികളും ഡോക്ടർമാരും പ്രൊഫസർമാരും അധ്യാപകരും വക്കീൽമാരും ജീവിതത്തിന്റെ വിവിധ തുറകളുമായി ബന്ധംവെക്കുന്നവരും പെടുന്നു. 5.15ന് ഹുദൂർ അയ്യദഹുല്ലാഹ് ഹാളിലെത്തി. കനഡ ജാമിയ അഹ്മദിയ്യായിലെ വിദ്യാർഥി അസീസം സാബിർ ബാജ്‌വ സാഹിബിന്റെ വിശുദ്ധഖുർആൻ പാരായണത്തോടെ കാര്യപരിപാടികൾ ആരംഭിച്ചു. അതിന്റെ ഇംഗ്ലീഷ് തർജമയും കേൾപ്പിക്കപ്പെട്ടു.

വാൺസിറ്റി മേയറുടെ പ്രസംഗം: അതിനുശേഷം Mayor of Vaughan Maurizio Bevilacqua പ്രസംഗിച്ചു. അസ്സലാമു അലയ്ക്കും ഖലീഫത്തുൽ മസീഹ്! ബഹുമാന്യ അമീർ സാഹിബ് കനഡ. ഞാൻ വാണിലെ മൂന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം ആളുകൾക്കുവേണ്ടി അങ്ങയെ സ്വാഗതം ചെയ്യുകയാണ്. ഞങ്ങൾ അങ്ങയുടെ പര്യടനം കാത്തിരിക്കുകയായിരുന്നു. ഞാൻ അറിഞ്ഞിടത്തോളം ഹുദൂറിന്റെ നാലാമത്തെ സന്ദർശനമാണിത്. ഞങ്ങൾ ഈ കമ്യൂണിറ്റിയെ കുറിച്ച് സംസാരിക്കുമ്പോൾ ഞങ്ങളുടെ മുമ്പിലുള്ളത് എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന വാക്യമാണ്. നമ്മൾ സ്നേഹത്തെ നാമമെന്ന നിലയിൽ വിവരിക്കുന്നു. പക്ഷേ, നമ്മൾ സ്നേഹത്തെ ക്രിയയുടെ രൂപത്തിൽ വിവരിക്കുകയാണെങ്കിൽ ഈ പ്രവർത്തിയെ സ്ഥാപിക്കുന്നതിനുവേണ്ടി പ്രകടനത്തിന്റെ ആവശ്യവുമുണ്ടാകുന്നു. ഞാൻ ഹുദൂറിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ഏറ്റവുമാദ്യം ഹുദൂറിന്റെ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും, സഹതാപത്തിന്റേയും സന്ദേശമാണ് മുന്നിൽ വരുന്നത്. ലോകത്തിന് ആവശ്യമുള്ള മറ്റൊരു കാര്യമാണ് ആഗോളമതങ്ങളുടെ ചർച്ചയും ആഗോളമതങ്ങളുടെ സഹിഷ്ണുതയും. ഖലീഫത്തുൽ മസീഹ്! അങ്ങ് ഇതിന്റെ പ്രകടനം ക്യാപിറ്റൽ ഹില്ലിലും വാഷിംഗ്ടൺ ഡിസിയിലും ബ്രിട്ടീഷ് ഹൗസ് ഓഫ് പാർലിമെന്റിലും യൂറോപ്യൻ പാർലിമെന്റിലും മനോഹരമായ നിലയിൽ ചെയ്തുകഴിഞ്ഞിട്ടുള്ളതാണ്. എല്ലാ പ്രസംഗങ്ങളിലും ഹുദൂർ അങ്ങേയറ്റം സാഹിത്യസമ്പുഷ്ടവും അർഥഗാംഭീര്യവുമായ ഭാഷയിൽ മാനുഷികമായ കടമകളിലും അന്താരാഷ്ട്രബന്ധങ്ങളിലും വെളിച്ചം വീശുകയുണ്ടായി. എല്ലാ അവസരത്തിലും ജീവിതത്തിൽ സമാധാനം സ്ഥാപിക്കുക എന്ന ഉദ്ദേശ്യം വെച്ചുപുലർത്തുന്ന ധാരാളം മന്ത്രിമാരും പാർലിമെന്റംഗങ്ങളും രാഷ്ട്രീയക്കാരും മതനേതാക്കളും പങ്കെടുത്തിരുന്നു.

ഹുദൂർ! അങ്ങ്, വികസ്വരരാഷ്ട്രങ്ങളുടെ നന്മയിലേക്ക് പ്രത്യേകം ശ്രദ്ധ ചെലുത്തിയിരിക്കുന്നു. പ്രത്യേകിച്ചും അങ്ങ് അവർക്ക് സംസ്കാരം, ഭക്ഷണം, ശുദ്ധജലം, വൈദ്യുതി എന്നിവ കരസ്ഥമാക്കുന്നതിൽ മാർഗദർശനം നൽകിയിരിക്കുന്നു. ഞാൻ ഈ സമർപിക്കുന്നത് വെറുമൊരു ഉദാഹരണമാണ്. അങ്ങ് അങ്ങയുടെ കർമംകൊണ്ട് സ്നേഹം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഖലീഫത്തുൽ മസീഹ് നമ്മുടെ അടുത്തുകൊണ്ടുവന്നിരിക്കുന്ന ആ മഹത്തായ സന്ദേശം പ്രതീക്ഷയുടേയും സാഹോദര്യത്തിന്റേതുമാണ്. ഈ എല്ലാ പരിപാടികളുടേയും ഉദ്ദേശ്യമെന്താണ്? നമ്മളെല്ലാവരും വ്യക്തിപരമായ നിലയിൽ പരസ്പരം ചേർന്ന് ഒരു നല്ല നാളേയ്ക്കുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുക. നമ്മൾ വെറും ചിന്തയിലും വിചാരത്തിലും മാത്രമായിരിക്കാതെ വെറും ദുആയിൽ പരിമിതമാക്കാതെ മറിച്ച്, അതിനേക്കാളുപരി പ്രവൃത്തിക്കേണ്ട ആവശ്യമാണുള്ളത്. അതായത് കർമപരമായ നിലയിൽ കുറച്ച് ചെയ്തുകാണിക്കേണ്ട ആവശ്യമാണുള്ളത്. ദുആകൾ ചെയ്യുകയും ചിന്തയും വിചാരവും നടത്തിയശേഷം കർമപരമായ ഉപായങ്ങളും നടപ്പിൽ വരുത്തേണ്ടതാണ്; മനുഷ്യത്വത്തിന്റെ ഏറ്റവും ഉന്നതമായ ഉദ്ദേശ്യങ്ങൾ കരഗതമാകാൻ.

ഈ വർഷം കനഡ അഹ്മദിയ്യാ ജമാഅത്ത് 50 വർഷം പൂർത്തിയാക്കിയതിനാൽ വിവിധ പരിപാടികൾ സംവിധാനം ചെയ്തിരുന്നു. അഹ്മദിയ്യാ ജമാഅത്ത് അസാധാരണമായ സേവനങ്ങൾ ചെയ്യുന്നുവെന്ന് ഞങ്ങൾക്ക് അംഗീകരിക്കേണ്ടതായി വരുന്നു. ജമാഅത്തിന്റെ സാന്നിധ്യത്തിന്റെ ബോധം നിത്യവും നഗരവാസികളുടെ ജീവിതത്തിലുണ്ടാകുന്നു. ഈ പ്രദേശം പീസ് വില്ലേജ് എന്നാണ് അറിയപ്പെടുന്നത്. കാരണം ഈ പ്രദേശത്തുനിന്ന് ഈ സമാധാനം എന്ന പദത്തിന്റെ മനോഹരമായ പ്രകടനമാണുണ്ടാകുന്നത്. ഇത് എങ്ങനെയുള്ള സ്ഥലമാണെന്നാൽ ഇവിടെ സ്നേഹം, അതിജയിച്ചുനിൽക്കുന്നു. അത് എല്ലാ പ്രശ്നങ്ങളേയും പൊതിഞ്ഞുവെക്കുന്നു. ഇതെങ്ങനെയുള്ള കമ്മ്യൂണിറ്റിയാണെന്നാൽ ഇതിനെ മറ്റുള്ള എല്ലാ കമ്മ്യൂണിറ്റികളും പിന്തുടരുന്നു.

ഇനി ഞാൻ ചുരുങ്ങിയ സമയംകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ വിവിധ പദ്ധതികളിൽ വെളിച്ചം വീശാൻ ആഗ്രഹിക്കുകയാണ്. നിങ്ങളുടെ പദ്ധതിയാണ് Meet a Muslim family. ഈ പദ്ധതികൊണ്ടു ഉദ്ദേശിക്കുന്നത് ഭിന്നതകൾ അകറ്റുകയും രാജ്യം മുഴുവനും കനഡിയൻ ജനതയെ സംഘടിപ്പിക്കുകയും ചെയ്യുക എന്നതാണ്.

**Stop the Crisis**. ഈ പദ്ധതി രാജ്യം മുഴുവൻ ഭീകരവാദത്തിനെതിരെ വീഡിയോ പ്രദർശനങ്ങളിലൂടേയും പ്രസംഗങ്ങളിലൂടെയും ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇങ്ങനെ യുവാക്കളിലെ അതിനോടുള്ള ചായ്‌വ് തടയാൻ കഴിയുന്നു.

**Je suis Hijabi** ഈ പരിപാടിയിൽ ഇസ്‌ലാമിൽ സ്ത്രീകളെ ഉദ്ധരിച്ചുള്ള തെറ്റായ സങ്കല്പങ്ങൾക്ക് മറുപടി നൽകുന്നു.

**Fast with a Muslim Friend** ഈ പദ്ധതിയുടെ ഉദ്ദേശ്യം ജനങ്ങളിൽ നോമ്പിന്റെ അനുഭവങ്ങളുണ്ടാക്കുക എന്നതാണ്.

**Millions pounds of food.** ഈ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത് ജനങ്ങളുടെ ശ്രദ്ധ വിശപ്പിലേക്ക് തിരിക്കുക എന്നതാണ്. ഇതുമുഖേന ദരിദ്രരായ കനഡിയൻ ജനങ്ങളിൽ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളുണ്ടായി. അടിസ്ഥാനപരമായ നിലയിൽ ജനങ്ങളെ സഹായിച്ചു. ഹുദൂർ! ഞങ്ങൾ അങ്ങയോട് നന്ദിയുള്ളവരാണ്. അങ്ങ് സ്നേഹത്തെ കർമപരമായ വർണത്തിൽ ഞങ്ങൾക്കു കാണിച്ചുതന്നു.

**മുൻ പാർലിമെന്റംഗം D e b Schulte ന്റെ പ്രസംഗം:**

അതിനുശേഷം മുൻപാർലമെന്റംഗമായ D e b Schulte പ്രസംഗിച്ചു. അവർ പറഞ്ഞു: അസ്സലാമു അലയ്ക്കും. ഇന്ന് ഖലീഫത്തുൽ മസീഹിന്റെ സാന്നിധ്യത്തിൽ ഞാനിന്ന് ഇവിടെയുണ്ടായിട്ടുള്ളത് എന്റെ അഭിമാനത്തിന് കാരണമാണ്. ഇവിടെയുള്ള എല്ലാ അതിഥികൾക്കും അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവിന്റെ സാന്നിധ്യത്തിൽ ഇവിടെ ഉണ്ടാവുക എന്നത് നമുക്കെല്ലാവർക്കും അഭിമാനമാണ്. ഇന്ന് എന്റെ സന്ദേശം നന്ദിയുടെ സന്ദേശമാണ്. ഞാൻ ഹുദൂർ അൻവറിന്റെ പാർലിമെന്റിലെ ആഗമനത്തിന് നന്ദി പറയുന്നു. അവിടെ ഹുദൂർ തന്റെ ഗംഭീരമായ പ്രഭാഷണത്തിൽ എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നതിൽ ശക്തിചെലുത്തുകയുണ്ടായി. അതിനോടൊപ്പം ഹുദൂർ തന്റെ വിവരണത്തിൽ നമ്മെ മതസ്വാതന്ത്ര്യം സ്ഥാപിക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചു. ചില ഭരണപരമായ പോളിസികളിലും വെളിച്ചം വീശി. അങ്ങ് സമയമെടുത്ത് ഈ സുപ്രധാന വിഷയങ്ങളിൽ വെളിച്ചം വീശിയതിന് ഞങ്ങൾ നന്ദിയുള്ളവരാണ്. ഞാൻ അമീർ അഹ്മദിയ്യാ ജമാഅത്ത് മലിക്ക് ലാൽ ഖാൻ സാഹിബിനും നന്ദി പറയുന്നു. അദ്ദേഹം എന്നെ ഇംഗ്ലണ്ടിൽ നടക്കുന്ന ജൽസ സാലാനയിലേക്ക് ക്ഷണിച്ചു. അതെനിക്ക് വലിയൊരു അനുഭവമായിരുന്നു. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്നു വന്ന അഹ്മദീ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്താൻ കഴിഞ്ഞു. അറിവിൽ വർധനയുണ്ടായി. ലോകം മുഴുവൻ എങ്ങനെയാണ് അഹ്മദിയ്യാ ജമാഅത്ത് ജനങ്ങളെ സേവിക്കുന്നതെന്ന് അറിയാനും കഴിഞ്ഞു.

ഞാൻ അഹ്മദിയ്യാ കമ്മ്യൂണിറ്റിയോടും നന്ദി പറഞ്ഞുകൊള്ളുന്നു. നിങ്ങൾ അല്പംമുമ്പേ കേട്ടതുപോലെ അഹ്മദിയ്യാ ജമാഅത്ത് ഈ നഗരത്തിൽ എത്രമാത്രം പ്രാധാന്യം അർഹിക്കുന്നു. ഞാൻ എന്റെ സ്വന്തം പേരിലും സൃഷ്ടിസേവനത്തിൽ മുഴുകിയിരിക്കുന്ന എല്ലാ ഓരോ അഹ്മദിക്കും നന്ദി പറയാൻ ആഗ്രഹിക്കുകയാണ്. അവർ സിറിയയിൽനിന്ന് വരുന്ന അഭയാർഥികൾക്ക് കനഡയിലേക്ക് മാറ്റുന്നതിന് സർക്കാരിനെ സഹായിച്ചു. ആശുപത്രികൾക്കായി ഫണ്ട് സമാഹരിച്ചു. എത്രയും വേഗം ഞങ്ങൾ ആശുപത്രിയുടെ നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. അഹ്മദിയ്യാ ജമാഅത്ത് മറ്റ് സംഘടനകൾക്ക് മാതൃകയാണ്. ഹുദൂർ കുറച്ചുദിവസത്തിനുള്ളിൽ പശ്ചിമ കനഡയിൽ പര്യടനത്തിനായി പോകുന്നതാണ്. എന്റെ സദുദ്ദേശ്യങ്ങളെല്ലാം അങ്ങയോടൊപ്പമുണ്ട്. എപ്രകാരം അങ്ങ് ഇവിടെ സമാധാന സന്ദേശം എത്തിച്ചുവോ അവിടേയും അതിനുള്ള അവസരം ലഭിക്കുമാറാകട്ടെ. അങ്ങയുടെ സന്ദേശം ലോകം മുഴുവനും എത്തുമാറാകട്ടെ. നന്ദി.

**എഫേർട്ടി കൗൺസിലർ Marilyn Iafrate ന്റെ പ്രസംഗം:**

അതിനുശേഷം വാൺസിറ്റി എഫേർട്ടി കൗൺസിലർ തന്റെ ഹ്രസ്വമായ ഭാഷണം നടത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞു: ഖലീഫത്തുൽ മസീഹുമായിട്ടുള്ള എന്റെ ആദ്യത്തെ കൂടിക്കാഴ്ചയാണിത്. ഞാൻ വളരെ സന്തോഷവാനാണ്. ഈ പരിപാടിയിൽ പങ്കെടുക്കുന്നത് എനിക്ക് ആദരവിന് നിമിത്തമാണ്. ഞാനൊരു ചെറിയ പാരിതോഷികം സമർപ്പിക്കാനാഗ്രഹിക്കുകയാണ്. അത് അങ്ങ് അങ്ങയോടൊപ്പം യൂകെയിൽ കൊണ്ടുപോകണം. ഇതൊരു ഷീൽഡാണ്. ഇതിൽ കനഡ അഹ്മദിയ്യ ജമാഅത്തിന്റെ വജ്രജ ജൂബിലി പരിപാടിയുടെ മുദ്രയുണ്ട്. ഇതിലൊരു പ്രത്യേക വെള്ളിനാണയം പതിച്ചിട്ടുണ്ട്.

അവർ ഹുദൂർ അൻവറിന്റെ തിരുസന്നിധിയിൽ ഈ പാരിതോഷികം സമർപ്പിച്ചു. അതിനുശേഷം നായിബ് അമീർ കനഡ ഫർഹാൻ ഘോഘർ തന്നെ പരിചയപ്പെടുത്തിക്കൊണ്ട് സംസാരിച്ചു. തുടർന്ന് ഹുദൂർ അൻവർ 5.45ന് ഇംഗ്ലീഷിൽ തന്റെ പ്രസംഗം തുടങ്ങി. അതിന്റെ മലയാള വിവർത്തനം ഇവിടെ ചേർക്കുകയാണ്. (തുടരും)

*(2017 ജനുവരി 19, ബദ്ർ വീക്കിലി, ഉർദു)*




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin